## The Travancore-Cochin Local Authorities (Alteration of Financial Year) Bill

**Sri. T. K. Narayana Pillai:** I beg to introduce the Local Authorities (Alteration of Financial Year) Bill, and under Standing Order 30 (*a*), I move that the Bill be taken into consideration at once.

സർ, ഗവണ്മെൻറിന്റെ ഫിനാൻഷ്യൽ ഇയർ ഈ ഏപ്രിൽ ഒന്നാം തിയ്യതിമുതൽ അടുത്ത ഏപ്രിൽ ഒന്നാം തിയ്യതിവരെ എന്നു് നിശ്ചയിച്ചിരിക്കുന്നതിനെ അടിസ്ഥാനമാക്കി ലോക്കൽ സെൽഫ് ഗവണിംഗ് ഇൻസ്റ്റിറ്റ്യൂഷനുകളിലും ഫിനാൻഷ്യൽ ഇയർ വ്യത്യാസപ്പെടുത്തുന്നതിനു സഹായകരമായ ഒരു ബില്ലാണു് സഭയുടെ ചുമ്മ്യൂ വിഷയിരവിപ്പിച്ചിട്ടുള്ളതു്. ഇതു് സാങ്കേതികമായ ഒരു ബില്ലുമാത്രമാണു്. അതുകൊണ്ടു് ഈ ബിൽ ഉടൻതന്നെ പാസ്സാക്കുന്നതിനു വിരോധമില്ലെന്നു വിശ്വസിക്കുന്നു.

**Sri. A. J. John:** I second the motion.

*The question that the Bill be taken into consideration was put and carried.*

*The question that Clause I stand part of the Bill was put and carried.*

*Clause 1 was added to the Bill.*

*The question that clause 2 stand part of the Bill was put and carried.*

*Clause 2 was added to the Bill.*

*The question that clause 3 stand part of the Bill was put and carried.*

*Clause 3 was added to the Bill.*

*The question that clause 4 stand part of the Bill was put and carried.*

*Clause 4 was added to the Bill.*

*The question that the preamble stand part of the Bill was put and arried.*

*The preamble was added to the Bill.*

*The question that the title stand part of the Bill was put and carried.*

*The title was added to the Bill.*

**Sri. T. K. Narayana Pillai:** I move that the Bill be passed.

**Sri. A. J. John:** I second the motion.

*The question that the Bill be passed was put and carried.*

*The Bill was passed.*

## The Industrial Disputes Bill

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: സർ, ഇൻഡസ്ട്രിയൽ ഡിസ്പ്യൂട്ട്സ് ബിൽ സഭയുടെ പരിഗണനയ്ക്കായി ഞാൻ അവതരിപ്പിച്ചുകൊള്ളുന്നു. ഈ ബില്ല് ഒരു പുതിയ നിയമമല്ല. തിരുവിതാംകൂറിൽ ട്രാവൻകൂർ ഇൻഡസ്ട്രിയൽ ഡിസ്പ്യൂട്ട്സ് ആക്ട് എന്നു് ഒരാക്ട് നിലവിലിരുന്നു. കൊച്ചിൻ ഏറിയായിൽ അതേവിധത്തിലുള്ള ബിൽ ഉണ്ടായിരുന്നില്ല. അതിനു പകരം ട്രേഡ് ഡിസ്പ്യൂട്ട്സ് അഡ്ജൂഡിക്കേഷൻ പ്രോക്ലമേഷൻ ആണു് നിലവിൽ ഉണ്ടായിരുന്നതു്. ഈ രണ്ടു നിയമങ്ങളും റദ്ദാക്കി അതിനെറ സ്ഥാനത്തു് തിരുവിതാംകൂർ വിഭാഗത്തിനും കൊച്ചി വിഭാഗത്തിനും ഒരുപോലെ ബാധകമാകുന്ന ഒരു നിയമം ഉണ്ടാക്കുകയാണു് ചെയ്തിരിക്കുന്നതു്. അതായതു് തിരുവിതാംകൂറിൽ നിലവിലുണ്ടായിരുന്ന നിയമം തിരുവിതാംകൂർ–കൊച്ചി സംസ്ഥാനത്തു ബാധകമാക്കുകയാണു് ചെയ്തതു്. അങ്ങനെ ചെയ്തതായ അവസരത്തിൽ ഒരു ചെറിയ വ്യത്യാസം വരുത്തിയിട്ടുണ്ടു്. അതു് വ്യാഖ്യാനത്തിലാണു്. പ്ലാന്റേഷൻസിലെ, അതായതു്, കാഫി, റബ്ബർ, ടീ മുതലായ എസ്റ്റേറ്റുകളിലെ തൊഴിലാളികൾക്കുകൂടി ഈ നിയമമോ ഇതുപോലുള്ള നിയമമോ ബാധകമാകുകയില്ലെന്നു കൊച്ചിയിൽ ഒരു അഡ്ജൂഡിക്കേറ്റെടെ വിധിയുണ്ടായിട്ടുണ്ടു്. നേരെമറിച്ചു് തിരുവിതാംകൂറിൽ ഈ നിയമം എസ്റ്റേറ്റുകളിലെ തൊഴിലാളികൾക്കുകൂടി ബാധകമാണെന്നാണു് വളരെക്കാലമായിട്ടുള്ള നടപടികൊണ്ടു് വ്യക്തമായിട്ടുള്ളതു്. കൊച്ചിയിലെ വിധിമൂലമുണ്ടായിട്ടുള്ള സംശയം നീക്കുന്നതിനുവേണ്ടിയാണു് ഈ വ്യത്യാസം ചെയ്തിട്ടുള്ളതു്. ഇൻഡസ്ട്രിയൽ ഡിസ്പ്യൂട്ട്സ് എന്നു പറയുന്നതു്

LIBRARY ARCHIVES Kerala Legislative Assembly

[Sri. Panampilli Govinda Menon]

ഇങ്ങനെയുള്ള ഇൻസസ്ട്രീസിലെ, അതായതു്, കാഫി, റബ്ബർ, ടീ മുതലായ ഉൽപ്പന്നങ്ങൾ കൃഷി ചെയ്യുന്ന എസ്റ്റേറ്റുകളിലെ തൊഴിലാളികൾക്കുകൂടി ബാധകമാകുമെന്നു് ക്ലാസ്സു് 2 (h) (1)–ൽ ഇൻഡസ്ട്രീസിനു കൊടുത്തിരിക്കുന്ന നിർവ്വചനത്തിൽ പറഞ്ഞിട്ടുണ്ടു്. ഇത്രയും നോക്കുമ്പോൾ ഇതു് ഒരു പുതിയ നിയമമല്ലെന്നും ഒരു നിയമം ആവർത്തിക്കുകമാത്രമാണു് ചെയ്തിട്ടുള്ളതെന്നും സഭയ്ക്കു ബോധ്യപ്പെടുന്നതാണു്. അതുകൊണ്ടു് ഇതിന്റെ തത്വത്തെപ്പറ്റി കൂടുതലായി എന്തെങ്കിലും പറയണമെന്നുദ്ദേശിക്കുന്നില്ല.

**Sri. D. Gnanasigamoni:** Is not the Government of India introducing legislation in respect of this matter which is applicable to all States?

**Sri. Panampilli Govinda Menon:** There is in force in India today an Act called the Industrial Disputes Act. The Indian Industrial Disputes Act and the Travancore-Cochin Industrial Disputes Bill are indentical in terms. The Government of India are now contemplating to have a more comprehensive legislation touching these subjects, called the Labour Relations Bill. The Bill has been prepared and it is being considered. But I understand that it will take at least a year before that Bill becomes law. We cannot wait till that date, because already an Ordinance has been issued. There are three tribunals now working under the terms of that Ordinance, and if we do not have an Act on the Statute Book, the statutory basis for the working of these tribunals will disappear. If there are disputes in the meanwhile, Government and the Labour Department will become helpless to handle them. Therefore, till the Government of India legislation is placed on the Statute Book, it is necessary that our legislation should continue to be in force.

**Sri. D. Gnanasigamoni:** May I bring to the notice of the Hon'ble Minister that the Select Committee in respect of that Bill has already submitted its report and that it was placed for the second reading on 2nd April last?

**Sri. Panampilli Govinda Menon:** I submit that it is not correct, because, recently about two weeks ago, there was a conference at New Delhi to consider the provisions of the Labour Relations Bill. That has not yet been introduced in Parliament. What has been introduced in Parliament and referred to the Select Committee, so far as my information goes, is a law with respect to the Appellate Tribunals, as an amendment to the existing Industrial Disputes Act.

ശ്രീ. പൊന്നറ ജി. ശ്രീധർ: ഇവിടെ ഹാജരാക്കിയിരിക്കുന്ന നിയമം ഒരു പുതിയ നിയമമല്ലെന്നും, മുമ്പുണ്ടായിരുന്ന നിയമത്തിന്റെ ഒരു പകർപ്പു മാത്രമാണെന്നും, ഇവിടെ നിലവിലിരിക്കുന്ന ഒരു ഓർഡിനൻസു് നിയമമാക്കുന്നതിനു വേണ്ടി മാത്രമായിട്ടാണു് ഇതു ഈ അവസരത്തിൽ കൊണ്ടുവന്നിരിക്കുന്നതെന്നും ആണു് ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞതു്. അദ്ദേഹത്തിന്റെ അഭിപ്രായം മുഴുവൻ ശരിയാണെന്നു ഞാൻ വിചാരിക്കുന്നില്ല. മുമ്പുണ്ടായിരുന്ന നിയമത്തിൽനിന്നും വളരെ പ്രധാനങ്ങളായ പല ഭേദഗതികളും ഈ ബില്ലിലുണ്ടു്. എന്തായാലും ഈ വസ്തുതയെ സംബന്ധിച്ചു് ഒരു നൂതന നിയമം ആവശ്യമാണെന്നുള്ളതിനു തർക്കമില്ല. പക്ഷെ നമ്മുടെ മുമ്പിൽ ഹാജരാക്കിയിട്ടുള്ള ബിൽ അതേപടി നിയമമായിവരികയാണെങ്കിൽ എതുദ്ദേശത്തോടുകൂടിയാണോ ഈ ബിൽ അവതരിപ്പിക്കുന്നതു് ആ ഉദ്ദേശം നിറവേറാൻ പോകുന്നില്ലെന്നുള്ളതാണു് പരമാർത്ഥം. ഇൻഡ്യാഗവർമ്മെന്റിൽ നിന്നും ഹാജരാക്കിയിട്ടുള്ള തൊഴിലാളി നിയമങ്ങളിലെ തത്വങ്ങൾ അനുസരിച്ചു് ചില നിയമങ്ങൾ ഇവിടേയും നടപ്പിൽവരുത്തുന്നതിനായിട്ടാണു് ഈ ബിൽ കൊണ്ടുവന്നിരിക്കുന്നതെന്നാണു് ഇതിന്റെ അവതാരകൻ ഉൽഘോഷിക്കുന്നതു്. കൂടുതലായി തേയിലത്തോട്ടങ്ങളിലും മറ്റും വേലയെടുക്കുന്ന തൊഴിലാളികളെയും ഈ നിയമത്തിന്റെ പരിധിയിൽ ഉൾപ്പെടുത്തിയിരിക്കുന്നുണ്ടെന്നാണു് പറയുന്നതു. അതു ശരിയാണു്. എന്നാൽ ഇന്നു ഹാജരാക്കിയിരിക്കുന്ന ബില്ലനുസരിച്ചുള്ള ഒരു നിയമമാണു് ഉണ്ടാക്കുവാൻ ഉദ്ദേശിക്കുന്നതെങ്കിൽ അതുകൊണ്ടു പറയത്തക്ക യാതൊരു ഫലവും തോട്ടംതൊഴിലാളികൾക്കെന്നുമാത്രമല്ലാ ഒരു തൊഴിലാളിക്കും ഉണ്ടാകാൻ പോകുന്നില്ലെന്നുള്ള സംഗതി വ്യസനസമേതം പറയേണ്ടിയിരിക്കുന്നു. ഇൻഡ്യൻ പാർലിമെന്റിൽ ലേബർ റിലേഷൻസു് ബിൽ, ഹാജരാക്കിയിട്ടില്ലെങ്കിലും ഉടൻതന്നെ ഹാജരാക്കുന്നതാണു്. അവിടെ പ്രസ്തുത ബില്ലനുസരിച്ചു് നിയമമുണ്ടാക്കുകയാണെങ്കിൽ ഈ ബില്ലുകൊണ്ടു് കൂടുതൽ ഫലമൊന്നും ഉണ്ടാകുവാൻ പോകുന്നില്ലാ. എന്നാൽ ഇവിടെ അതനുസരിച്ചുള്ള ഒരു നിയമം പാസ്സാകുന്നതു

LIBRARY ARCHIVES Kerala Legislative Assembly

കൊണ്ട്—ഇങ്ങനെ ഒരു നിയമം പാസ്സാക്കേണ്ടതു് ആവശ്യമാണു് — ലേബറേഴ്സിനു അല്പ സ്വല്പം ആശ്വാസം കിട്ടുമെന്നുള്ളതു് ഞാൻ മറച്ചുവയ്ക്കുന്നില്ല. എന്നാൽ എനിക്കു പറയുവാനുള്ളതു്, ഇൻഡ്യാഗവൺമെൻറിൽനിന്നു് ആവിധം ഒരു നിയമം പാസ്സാക്കുന്നതിനുമുൻപു് അവിടത്തെ ലേബർ നേതാക്കന്മാരെ വിളിച്ചുവരുത്തി അക്കാര്യത്തെ സംബന്ധിച്ചു് അവരുടെ അഭിപ്രായം എന്താണെന്നു് അന്വേഷിക്കണമെന്നു തീരുമാനിച്ചിട്ടുള്ള സ്ഥിതിക്കു്, ഇവിടെയും അതുപോലെ ചെയ്യേണ്ടതാണെന്നാണു് എൻറെ അഭിപ്രായം. എന്തെന്നാൽ ഇന്നത്തെ നിലയിൽ ഈ ബില്ലു് പാസ്സാക്കുകയാണെങ്കിൽ തൊഴിലാളികൾക്കു് പറയത്തക്ക ഉപകാരം ഉണ്ടാകയില്ലെന്നുമാത്രമല്ല കൂടുതൽ ഉപദ്രവം ഉണ്ടാകാനിടയുള്ള പല പ്രൊവിഷൻസും ഇതിലുണ്ടു്. ഏതെങ്കിലും മുതലാളിയും തൊഴിലാളിയും തമ്മിൽ അഭിപ്രായവ്യത്യാസം ഉണ്ടായാൽ ആ കാര്യം സംബന്ധിച്ചു ഒരു ഒത്തുതീർപ്പു വരുത്തുന്നതു് എപ്പോഴും തൊഴിലാളികളെ സംബന്ധിച്ചിടത്തോളം നല്ലതുതന്നെ. പക്ഷെ അതു രണ്ടുകക്ഷികളുടേയും പൂർണ്ണസമ്മതത്തോടെ "വാളൻറററി"യായിട്ടുണ്ടാക്കുന്ന ഒരു ഒത്തുതീർപ്പായിരിക്കണം. അല്ലാതെ ഗവൺമെണ്ടധികാരമുപയോഗിച്ചു തൊഴിലാളി ആവശ്യപ്പെടാതെ ഒരു ഒത്തുതീർപ്പുണ്ടാക്കുന്നതുകൊണ്ടു് തൊഴിലാളികളുടെ അവശതകൾക്കു് പരിഹാരം ഉണ്ടാകാൻ പോകുന്നില്ല. ആ സ്ഥിതിക്കു കമ്പൽസറി ആർബിട്രേഷൻ ഒരു നയമായി സ്വീകരിച്ചിരിക്കുന്ന ഈ ബില്ലു് അതേപടി നിയമമാക്കുന്നതു തൊഴിലാളിതാല്പര്യങ്ങൾക്കു് ഹാനികരമാണെന്നു പറയേണ്ടതില്ലല്ലോ. കമ്പൽസറി ആർബിട്രേഷൻകൊണ്ടു് മറ്റൊരു വലുതായ ദോഷംകൂടിയുണ്ടു്. കമ്പൽസറി ആർബിട്രേഷൻറെ അവാർഡനുസരിച്ചു പ്രവർത്തിക്കാതിരിക്കുന്നതു ഒരു ക്രിമിനൽ അഫൻസ് ആകുമെന്നതു് തൊഴിലാളികളെ സംബന്ധിച്ചിടത്തോളം ഏറ്റവും ദുഷ്പ്രഫലങ്ങളുളവാക്കുന്ന ഒരു വസ്തുതയാണു്. ഇന്നത്തെ സാമൂഹ്യസാമ്പത്തിക വ്യവസ്ഥിതിയിൽ തൊഴിലാളികളുടെ അഭിപ്രായഗതികളും അഭിലാഷങ്ങളും ശരിക്കു ഗ്രഹിച്ചു പ്രവർത്തിക്കുന്ന ആളുകളെ ആർബിട്രേഷൻ ബോർഡിൽ അംഗങ്ങളായി കിട്ടുന്നതു് വളരെ പ്രയാസമായ ഒരു കാര്യമാണു്. ആ നിലയിൽ കമ്പൽസറി ആർബിട്രേഷൻ സ്വീകരിക്കുന്നതുകൊണ്ടു് തൊഴിലാളിതാല്പര്യസംരക്ഷണത്തിനു് എത്രത്തോളം ബുദ്ധിമുട്ടാണുണ്ടാകുവാൻ പോകുന്നതെന്നു കൂടുതലായി ഒന്നുംതന്നെ പ്രസ്താവിക്കണമെന്നു ഞാൻ വിചാരിക്കുന്നില്ല. ഇപ്രകാരം നിർബന്ധിത ആർബിട്രേഷൻ തൊഴിലാളികളുടെ ചുമലിൽ വച്ചു കെട്ടുന്നതോടുകൂടിതന്നെ, അവരുടെ അവകാശസമ്പാദനത്തിനും അവശതാപരിഹാരത്തിനും ആയി അവർ ഉപയോഗിക്കുന്നതായ എല്ലാ മാർഗ്ഗങ്ങളേയും ഈ ബിൽ തടഞ്ഞിരിക്കുകയുമാണു്. അവരുടെ സംഘടിതശക്തി ഉപയോഗിച്ചു് അവശതാപരിഹാരം നേടുന്നതിനെ പ്രായേണ തടഞ്ഞിരിക്കുന്ന സ്ഥിതിക്കു് അവക്കുണ്ടാകുന്ന എല്ലാവിധ ബുദ്ധിമുട്ടുകളേയും സംബന്ധിച്ചു് "ആർബിട്രേഷനും" അയക്കുമൊ എന്നു നോക്കിയാൽ, അവിടേയും ഗവൺമെണ്ടിനു ആവശ്യമെന്നു തോന്നുന്നതു് അയച്ചാൽ മതിയെന്നാണു് വ്യവസ്ഥ. ഇന്നത്തെ ഗവൺമെണ്ടിൻറെ നിലനിൽപ്പുതന്നെ മുതലാളിമാരുടെ പിൻബലത്തിലാണു്. മുതലാളന്മാരുടേയും ജന്മികളുടെയും സഹായത്താൽ മാത്രം കഴിഞ്ഞുകൂടുന്ന ഇന്നത്തെ ഗവൺമെണ്ടിനു് ആ വിധത്തിലുള്ള അധികാരങ്ങൾ നൽകുന്നതുകൊണ്ടു് തൊഴിലാളികൾക്കു് വരാവുന്ന ദോഷങ്ങളെന്തെല്ലാമാണെന്നു പറയേണ്ട ആവശ്യമില്ലെന്നു കരുതുന്നു. ഇതിലെല്ലാത്തിലുമുപരിയായി ഒരു ദോഷം ഈ ബില്ലിൽ കാണുന്നതു്, തൊഴിലാളികളുടെ കടശ്ശി ആയുധമായ "സ്ട്രൈക്കു" ഉപയോഗിക്കാനുള്ള അവരുടെ അവകാശം നിഷേധിച്ചിരിക്കുന്നതാണു്. ഈ വിധം "സ്ട്രൈക്കു" ചെയ്യാനുള്ള അവകാശത്തെ നിഷേധിച്ചുകൊണ്ടുള്ള ഒരു നിയമം ഒരുകാലത്തും ഒരു തൊഴിലാളിയും സ്വീകരിക്കാൻ പോകുന്നില്ല.

സാധാരണയായി തൊഴിലാളികൾ സ്ട്രൈക്കു എന്നുള്ള ആയുധം ഉപയോഗിക്കുന്നതു് ഒരു വിധത്തിലും അവരുടെ ആവശ്യങ്ങൾ സാധിക്കാതെ വരുന്ന സന്ദർഭത്തിൽ മാത്രമാണു്. ഒരിക്കലും തൊഴിലാളികൾ രസത്തിനുവേണ്ടി ഒരു സ്ട്രൈക്കു നടത്തുകയില്ല. മുതലാളികളെ സംബന്ധിച്ചിടത്തോളം ലാക്കൗട്ടു ചെയ്യുന്നതു് ഒരു രസമായിരിക്കാം. ഫാക്ടറി സംബന്ധമായി എന്തെങ്കിലും നഷ്ടം വരുന്നതിനുമുമ്പുതന്നെ മുതലാളികൾ ലാക്കൗട്ടു നടത്താൻ തയാറാവുന്നുണ്ടു്. നേരെമറിച്ചു് തൊഴിലാളികൾ ജീവിക്കാൻ നിവൃത്തിയില്ലെന്നു വരുമ്പോഴാണു് സ്ട്രൈക്കു ചെയ്യുന്നതു്. ഒരു സ്ട്രൈക്കു നടത്തുന്നതു് ഒന്നോ രണ്ടോ വ്യക്തികൾമാത്രം കൂടിയല്ല. പത്തും പതിനായിരക്കണക്കിനും ആളുകൾ ചേർന്നു നടത്തുന്ന സ്ട്രൈക്കു തടയുക എന്നുള്ളതു് എളുപ്പമുള്ള കാര്യമല്ല. ഒരു സ്ട്രൈക്കു നിയമവിരുദ്ധമാക്കുന്ന സ്ട്രൈക്കു തടയുക എന്നുള്ളതു് എളുപ്പമുള്ള കാര്യമല്ല. ഒരു സ്ട്രൈക്കു നിയമവിരുദ്ധ

LIBRARY ARCHIVES Kerala Legislative Assembly

[Sri. Ponnara G. Sreedhar]

മാക്കിയതുകൊണ്ടുമാത്രം അതുണ്ടാകാതിരിക്കുവാനും മറവും പോകുന്നില്ല. സ്ട്രൈക്ക് നിയമവിരുദ്ധമായതിനാൽ അതിനെ തടയേണ്ടതു ഗവൺമെണ്ടിന്റെ കടമയാണെന്നു കരുതി അതിലേക്കു പോലീസ് അധികാരം ഉപയോഗിക്കേണ്ടിവരുന്നു. സ്ട്രൈക്കുകൾ തടയുന്നതിനു പോലീസ്സിനെ ഉപയോഗിച്ചാൽ രക്തച്ചൊരിച്ചിലുണ്ടാകാതിരിക്കില്ല. ആ വിധം രക്തച്ചൊരിച്ചിലുകൾ ഉണ്ടാക്കേണ്ട ആവശ്യം ഗവൺമെണ്ടിനു ഇപ്പോഴുണ്ടോ എന്നു ഞാൻ ചോദിക്കുന്നു. ഈ നാട്ടിലെ തൊഴിലാളികളുടെ അവശതകൾ പരിഹരിക്കുന്നതിനുള്ള ഒരു മാർഗ്ഗമായിട്ടാണു ഈ ബില്ലിനെ ഉദ്ദേശിച്ചിരിക്കുന്നതെങ്കിൽ ആ ഉദ്ദേശം ഈ ബിൽ കൊണ്ടു നിറവേറാൻ പോകുന്നില്ല. ഇന്നു നാട്ടിലുള്ള ഉൽപാദനം ഇല്ലാതാക്കാനും നാട്ടിൽ അസമാധാനം വളർത്തുന്നതിനും ഇതിൽക്കൂടുതൽ പറ്റിയ ഒരു ബിൽ കാണാൻ സാധിക്കുന്നതല്ല. പണിമുടക്കുകളെ നിയമവിരുദ്ധമാക്കുമ്പോൾ ഒരു "സിവിൽ അഫൻസിനെ" "ക്രിമിനൽ അഫൻസ്" ആക്കിത്തീർക്കുകയാണു ചെയ്യുന്നതു്. തൊഴിലാളികൾക്കു ഒരു തരത്തിലും ജീവിക്കുവാൻ നിവൃത്തിയില്ലെന്നു വരുമ്പോൾ സാധാരണയായി അവർ നടത്താറുള്ള ഒരു സ്ട്രൈക്കിനെ ഒരു ഇല്ലീഗൽ സ്ട്രൈക്ക് ആക്കി തീർക്കേണ്ടയാവശ്യമെന്തു്? കൂടിപ്പോയാൽ ഒരു സിവിൽ അഫൻസ് മാത്രമായി തീരുന്ന ആ പ്രവൃത്തിയെ ഒരു ക്രിമിനൽ അഫൻസ് ആക്കേണ്ട ആവശ്യമുണ്ടോ എന്നാണു് ഞാൻ ചോദിക്കുന്നതു്. ഈ വിധമെല്ലാം വച്ചിരിക്കുന്നതു ഒരു കാലത്തും സ്ട്രൈക്കു് ഉണ്ടാകരുതെന്നു വിചാരിച്ചായിരിക്കാം. അതാണുദ്ദേശമെങ്കിൽ അതു നടക്കാൻ പോകുന്നില്ല എന്നു ഞാൻ മുൻകൂട്ടി അറിയിച്ചുകൊള്ളുന്നു. അങ്ങനെയാണെങ്കിൽ കമ്പൽസറിയായുണ്ടാകുന്ന, തൊഴിലാളിയുടെ ആ ഗ്രഹത്തിനു വിരുദ്ധമായി "ആർബിട്രേഷൻ" അയച്ചിട്ടു വരുത്തുന്ന അവാർഡ് ഗവൺമെണ്ടു സ്വീകരിക്കുമോ എന്നു നോക്കുകയാണെങ്കിൽ, ഗവൺമെണ്ടിനു പ്രത്യേക താല്പര്യമുള്ള വ്യവസായങ്ങളിൽ ഗവൺമെണ്ടിനു ആവശ്യമുണ്ടെന്നു തോന്നിയാൽ എവാർഡു് സ്വീകരിച്ചാൽ മതിയെന്നാണു് കാണുന്നതു്. ഗവൺമെണ്ടു ആ അവാർഡു് സ്വീകരിക്കാതിരിക്കുകയാണെങ്കിൽ ആയതു് ലെജിസ്ലേച്ചറിൽ കൊണ്ടുവന്നു ലജിസ്ലേച്ചറിന്റെ തീരുമാനമനുസരിച്ചു് പ്രവർത്തിക്കണമെന്നു് ഒരു വകുപ്പുണ്ടെന്നുള്ളതു് ഞാൻ മറക്കുന്നില്ലാ—എന്നാൽ ആ വിധം ലെജിസ്ലേച്ചറിന്റെ തീരുമാനത്തിനു വിടുന്നതുകൊണ്ടു തൊഴിലാളികൾക്കു ഒരു ഗുണവും സിദ്ധിക്കുവാൻ പോകുന്നില്ല. തൊഴിലാളികളുടെ ഒരു ലെജിസ്ലേച്ചറാണു് ഇവിടെയുള്ളതെങ്കിൽ ആ വിധം കൊണ്ടുവരുന്നതുകൊണ്ടു് ഫലമുണ്ടാകുമായിരുന്നു. ഇന്നത്തെ ഗവൺമെണ്ടു തൊഴിലാളികൾക്കു പ്രതികൂലമായി പ്രവർത്തിക്കുന്ന ഒരു ഗവൺമെണ്ടാണെന്നാണു് തൊഴിലാളികൾ വിശ്വസിക്കുന്നതു്. ആ സ്ഥിതിക്കു് ഈ ബിൽ ഇതേരൂപത്തിൽ പാസ്സാക്കുകയാണെങ്കിൽ തൊഴിലാളികളുടെ ഇടയിൽ വലുതായ അസംതൃപ്തിയുണ്ടാകുമെന്നതു തീർച്ചയാണു്. ഈ ബിൽ നിയമമായാൽ ഉണ്ടാകുന്ന മറെറാരു ദുഷ്ഫലം, തൊഴിലാളികളുടെ ഇടയിൽ പൊതുവെ കേസ് നടത്തിക്കൊണ്ടുപോകുന്നതിനുള്ള ഒരു വാസന ഉണ്ടാവുമെന്നുള്ളതാണു്. കൂടാതെ കമ്പൽസറി ആർബിട്രേഷൻ നിയമപരമായതിനാൽ കാര്യങ്ങൾ യോജിച്ചു തീർക്കാനുള്ള ഒരു മനസ്ഥിതി ഇരുകൂട്ടരിലും ഇല്ലാതെവരികയും കൂടുതൽ കൂടുതൽ വഴക്കുകൾ ഉണ്ടാവുകയും ചെയ്യും. മുൻപ്രസ്താവിച്ചതിലെല്ലാത്തിലും ഭയങ്കരമായ മറെറാരു വസ്തുത ഈ ബില്ലിൽ കാണുന്നതു്, കറെ ഇൻഡസ്ട്രീസിനെ പബ്ലിക്ക് യൂട്ടിലിറ്റി സർവ്വീസ് ആയി ഗവൺമെണ്ടിനാവശ്യമെന്നു തോന്നിയാൽ ഡിക്ലയർ ചെയ്യാനുള്ള അധികാരം വച്ചിട്ടുള്ളതാണു്. പബ്ലിക്ക യൂട്ടിലിറ്റി സർവ്വീസുകളെ സംബന്ധിച്ചിടത്തോളം, അവകളിൽ ഒരു കാലത്തും സ്ട്രൈക്കുകൾ പാടില്ലെന്നു ഒരു വ്യവസ്ഥ ഈ ബില്ലിലുണ്ടു്. ഏതെല്ലാം തരത്തിലുള്ള വ്യവസായങ്ങളാണു് പബ്ലിക്ക യൂട്ടിലിറ്റി സർവ്വീസുകൾ എന്നു വ്യവസ്ഥചെയ്തിരിക്കുന്ന വിഭാഗം നോക്കുകയാണെങ്കിൽ ഇന്നു തിരുവിതാംകൂറിലുള്ള മിക്കവാറും എല്ലാത്തരം വ്യവസായവും പബ്ലിക്ക യൂട്ടിലിറ്റി സർവ്വീസുകളായി തീരുമെന്നു കാണാവുന്നതാണു്. ഇങ്ങനെയുള്ള വ്യവസായങ്ങളിൽ ഏർപ്പെട്ടിട്ടുള്ള തൊഴിലാളികളെ സംബന്ധിച്ചിടത്തോളമുള്ള ബുദ്ധിമുട്ടുകൾ പരിഹരിക്കുന്നതിനു പ്രത്യേകമായിട്ടു് യാതൊരു വ്യവസ്ഥയും ബില്ലിൽ ഉൾപ്പെടുത്തിയിട്ടുള്ളതായും കാണുന്നില്ല. ഈ ബിൽ ഈ രൂപത്തിൽ പാസാക്കുകയാണെങ്കിൽ തൊഴിലാളികൾക്കു് പൊതുവേയും പബ്ലിക്ക യൂട്ടിലിറ്റി സർവ്വീസുകളിൽ പ്രവർത്തിയെടുക്കുന്നവർക്കു പ്രത്യേകമായും കൂടുതൽ വിഷമങ്ങൾ ഉണ്ടാക്കുന്നതിനെ പര്യാപ്തമാകയുള്ളൂ. അതുകൊണ്ടു് ഈ ബിൽ സെലക്ട് കമ്മിറ്റിയിൽ അയച്ചു് ആവശ്യമായ ഭേദഗതികൾ വരുത്തി ഇവിടെ "ഇൻഡസ്ട്രിയൽ പീസ്" ഉണ്ടാക്കണമെന്നു ഞാൻ ഗവൺമെണ്ടി

LIBRARY ARCHIVES Kerala Legislative Assembly

നോട്ട് ആവശ്യപ്പെടുന്നു. ബില്ലിന്റെ പൊതു തത്വത്തോട് ഞാൻ യോജിച്ചുകൊണ്ട് എന്റെ പ്രസംഗം അവസാനിപ്പിച്ചുകൊള്ളുന്നു.

ശ്രീ. കെ. കരുണാകരൻ: സർ, ഈ ബിൽ ഇവിടെയുള്ള പഴയ ബില്ലിനു് നിയമ സാധുതാ കൊടുക്കുന്ന ഒരു ബില്ലാണെന്നു ബഹുമാനപ്പെട്ട തൊഴിൽകാര്യമന്ത്രി പറയുകയുണ്ടായി. പഴയബിൽതന്നെ പുതിയ രൂപത്തിൽ കൊണ്ടുവരുന്നതുകൊണ്ട് ഈ രാജ്യത്തെ തൊഴിലാളികൾക്ക് എന്തെങ്കിലും ഗുണമുണ്ടാകുമെന്നു ഞാൻ വിശ്വസിക്കുന്നില്ല. തീർച്ചയായും തൊഴിൽ കുഴപ്പങ്ങളുണ്ടാകുമ്പോൾ ഗവണ്മെൻറിടപ്പെട്ട് തൊഴിലാളികൾക്കായാലും മുതലാളികൾക്കായാലും ന്യായമായ അവകാശങ്ങൾ സാധിച്ചുകൊടുക്കേണ്ടതു് ആവശ്യമാണു്. എന്നാൽ അതിനു് ഇന്നു ഗവണ്മെൻറ് അംഗീകരിച്ചിട്ടുള്ള നടപടികൾ തൃപ്തികരമല്ലെന്നു ഞാൻ പ്രസ്താവിച്ചുകൊള്ളട്ടെ. അഡ്ജൂഡിക്കേഷനെന്നു പറഞ്ഞാൽ ഇന്നു തൊഴിലാളികൾ പ്ലേഗിനെക്കാൾ കൂടുതലായി ഭയപ്പെടുന്നു. കാരണം അവരുടെ സംഘടിതശക്തികൊണ്ടു് അവകാശം സമ്പാദിക്കുന്നതിനുള്ള നിയമസാധുതയെ നിഷേധിക്കയാണു് അതുമൂലം ചെയ്തിരിയ്ക്കുന്നതു്. ആ നിലയിൽ ഇന്നത്തെ അഡ്ജൂഡിക്കേഷൻ സംപ്രദായത്തിന്റെ അലങ്കാരം പിടിയും മാറേണ്ടതായിട്ടുണ്ടിരിക്കുന്നതു്. ഉദാഹരണമായി പറയുകയാണെങ്കിൽ ഒരു ഫാക്ടറിയിൽ ഫോർമാൻ ബോണസ് ആവശ്യപ്പെട്ട എന്നു വിചാരിക്കുക. ഉടനെ അതു് അഡ്ജൂഡിക്കേഷനു് റഫർചെയ്യുകയായി. അഡ്ജൂഡിക്കേറ്റർ തൊഴിലാളികളുടെ മാഗസ്സനിന്നും സ്റ്റേറ്റുമെൻറ് എടുത്തു് അതു മുതലാളിക്കു് അയച്ചു് മുതലാളികളുടെ സ്റ്റേറ്റുമെൻറ് വാങ്ങിക്കുന്നു. ഇങ്ങനെ കാര്യങ്ങൾ നീണ്ടു നീണ്ടു് രണ്ടും മൂന്നും കൊല്ലം കഴിയുമ്പോഴാണു അവാർഡ് ഉണ്ടാകുന്നതു്. എന്തെങ്കിലും നിലയിൽ അതനുവദിച്ചു കിട്ടിയാൽതന്നെ അവർക്കു് ഉടനെ ഫോർമാനേയും ഫോർമാനേയും ബോണസിനു് അടുത്തതായി ആവശ്യപ്പെടേണ്ടിവരും. അത്തരത്തിലുള്ള ഇന്നത്തെ വ്യവസ്ഥ തൊഴിലാളികൾക്കു ഗുണപ്രദമല്ലെന്നു ഞാൻ പറഞ്ഞുകൊള്ളുന്നു. പല ഭേദഗതികളും ഇതിൽ വരുത്തിയാൽ കുറെയെല്ലാം ഉപകാരപ്രദമായ രീതിയിൽ ഇതിനെ ഉപയോഗപ്പെടുത്താൻ നമുക്കു സാധിക്കുന്നതാണു്. ഒരു തൊഴിൽക്കുഴപ്പമുണ്ടായി കോടതിക്കു റെഫർചെയ്യുകഴിഞ്ഞാൽ പിന്നീടുണ്ടാകുന്ന എല്ലാ കുഴപ്പങ്ങളും ഗവണ്മെൻറ് റഫർ ചെയ്തില്ലെങ്കിൽ തൊഴിലാളികൾക്കു കോടതിയെ സമീപിച്ചു സാധിക്കാൻ സാദ്ധ്യമല്ല. ഒരു സമരം നടത്തി അവരുടെ അവകാശം സാധിക്കുന്നതിനുള്ള അവകാശത്തേയും നിഷേധിച്ചിരിക്കയാണു്. തൊഴിൽപരമായുണ്ടാവുന്ന കുഴപ്പങ്ങൾക്കു് ഉടച്ചുവയായി ഗവണ്മെൻറിന്റെ അനുവാദം കൂടാതെതന്നെ പ്രതിവിധികൾ നേടാനുള്ള മാർഗ്ഗം നാം അംഗീകരിക്കേണ്ടതാണു്. ഈ ബില്ലിൽ കുറെയധികം മെഷ്യനറികൾ ഉണ്ടു്. വർക്സ് കമ്മിറ്റി, കൺസിലിയേഷൻബോഡ്, കോർട്ട് ഓഫ് എൻകയറി, ട്രൈബ്യൂണൽ ഇങ്ങനെ പലതുമുണ്ടു്. ഇതിൽ വർക്സ് കമ്മറ്റി എന്നു പറയുന്നതു് ഉപയോഗശൂന്യമാണു്. വർക്സ്കമ്മിറ്റികൊണ്ടു് യാതൊന്നുംതന്നെ ഫലവത്തായി ഒരു തൊഴിൽശാലയിലും നടന്നതായി കാണുന്നില്ല. സാധാരണയായി തൊഴിലാളി പ്രതിനിധിയും, മാനേജ്മെൻറ് പ്രതിനിധിയും വെൽഫെയർ ആഫീസറും കൂടിയാണു് ഒത്തു തീർപ്പുകൾക്കായി ആലോചനകൾ നടത്തുന്നതു്. വെൽഫെയർ ആഫീസർ തൊഴലാളികളുടെ ന്യായമായ അവകാശങ്ങൾക്കുവേണ്ടി വാദിക്കേണ്ടതിനുപകരം നിയമം അനുവദിക്കാത്തതുകൊണ്ടു് മുതലാളിയെ നിർബ്ബന്ധിക്കാൻ നിവൃത്തിയില്ല എന്നുപറഞ്ഞു ഒഴിയുകയാണു് പതിവു്. ഇതുപോലെതന്നെയാണു് കൺസിലിയേഷൻ നടപടികളും. കോർട്ട് ഓഫ് എൻകയറിയുടെ തീരുമാനം വളരെ കഷ്ടപ്പെട്ടുണ്ടായാൽതന്നെ അതു് മുതലാളിയേകൊണ്ടും തൊഴിലാളിയേകൊണ്ടും നടപ്പിലാക്കിക്കാനുള്ള അധികാരവും അവകാശവും ബില്ലിലില്ല. ഈ നിലവച്ചുകൊണ്ടു നോക്കുകയാണെങ്കിൽ ഒത്തുതീർപ്പു വ്യവസ്ഥകൾ മുതലാളിയോ തൊഴിലാളിയോ നിഷേധിക്കുകയോ അംഗീകരിക്കാതിരിക്കുകയോ ചെയ്യുന്നപക്ഷം അവരെക്കൊണ്ടു് അംഗീകരിപ്പിക്കുന്നതിനു് കർശനമായ നടപടികൾ എടുക്കുന്നതിനുള്ള വ്യവസ്ഥ ഈ ബില്ലിൽ ഉണ്ടായിരിക്കേണ്ടതാണു്. ഇന്നു പല സ്ഥലത്തും അഡ്ജൂഡിക്കേഷൻവിധി മുതലാളിമാർ ലംഘിച്ചുവരുന്നതായി നമ്മുടെ ദൃഷ്ടിയിൽപെട്ടിട്ടുണ്ടു്. അതു നോക്കുമ്പോൾ എനിക്കു പറയാനുള്ളതു് എട്ടിലെ പശു പല്ലുതിന്നുതിനുകയില്ല എന്നുള്ളതാണു്. പുസ്തകത്തിൽമാത്രം നിയമംഉണ്ടായാൽപോരാ തൊഴിലാളികളുടെ കാര്യത്തിൽ നിയമം പാലിക്കുവാനും ഗവണ്മെൻറ് തയാറാകണമെന്നാണു് എനിക്കപേക്ഷിക്കുവാനുള്ളതു്.

LIBRARY ARCHIVES Kerala Legislative Assembly

[Sri. K. Karunakaran]

അഡ്ജൂഡിക്കേഷന്റെ തീരുമാനം അനുസരിച്ച് ഗവണ്മെന്റിലേക്ക് റിപ്പോർട്ട് പോയതിനുശേഷം ഒരു നിശ്ചിത തീയതിക്കകം അതിൽ പറയുന്നതായ ആനുകൂല്യങ്ങൾ തൊഴിലാളികൾക്ക് ചെയ്തുകൊടുക്കണമെന്നുപറഞ്ഞാൽ എന്തോ ഒരു നിർബ്ബന്ധംപോലെ പല മുതലാളിമാരും അതു നിശ്ചിതസമയത്തു നടപ്പിലാക്കുകയില്ല. സമാധാനപരമായി തൊഴിലാളികൾക്ക് ആനുകൂല്യം ചെയ്തുകൊടുക്കണമെന്നു ഗവണ്മെന്റ് പറഞ്ഞാൽ മുതലാളിമാർ ഓരോ ഒഴിവുകൾ പറഞ്ഞ് അതിൽനിന്നും ഒഴിഞ്ഞുമാറാൻ ശ്രമിക്കും. അങ്ങിനെ ഉണ്ടാകാതിരിക്കുന്നതിന് കൂടുതൽ കർശനമായ ശിക്ഷകൾ ഉണ്ടാകാവുന്ന വിധത്തിലുള്ള വ്യവസ്ഥകൾ ഈ ബില്ലിൽ കൊള്ളിക്കേണ്ടതായിട്ടുണ്ട്.

ഇപ്പോൾ ഈ ബിൽ താൽക്കാലികമായിട്ടാണ്. ഇൻഡ്യാ ഗവണ്മെന്റ് ഈമാതിരി ഒരു ബിൽകൊണ്ടുവരുന്നുണ്ടെന്നും അതു് ഇവിടെയും ബാധകമാകുമെന്നും ഒരുപക്ഷേ സമാധാനം പറഞ്ഞേയ്ക്കാം. ഇൻഡ്യാഗവണ്മെന്റിന്റെ ബിൽ എന്നത്തേയ്ക്കാണ് നിയമമായി വരുക എന്നു പറയുവാൻ എളുപ്പമല്ല. ആബിൽ ഇപ്പോൾ സെലക്ട്കമ്മിറ്റിക്കയച്ചിരിക്കയാണെന്നാണറിവു്. സെലക്ട് കമ്മിറ്റിറിപ്പോർട്ടുവന്നശേഷം അതു നിയമസഭയിൽ അവതരിപ്പിച്ചു പാസാക്കണം. അങ്ങിനെ അതു് അവതരിപ്പിച്ചു മൂന്നു വായനയും കഴിഞ്ഞു പാസായിവരുന്നതിനു് എത്രകാലതാമസമുണ്ടാകുമെന്നു നമുക്ക് ഏറക്കുറെ അറിയാം. സാധാരണഗതിയിൽ ഫൻ ർ ം അവസാനത്തിനുമുമ്പു് അതു നിയമമായി വരുമോ എന്നു സംശയമാണു്. നിയമം അഥവാ വന്നാൽതന്നെ അതു എത്രകണ്ടു് അനുഭവപ്പെടും എന്നും സംശയിക്കേണ്ടയിരിക്കുന്നു.

തൊഴിലാളികൾക്ക് മിനിമംവേജസു് തീരുമാനിക്കണമെന്നു പറഞ്ഞു. തൊഴിലാളികൾക്കു് അതു് എന്താണെന്നു് ഇതുവരെ അറിയാൻ കഴിഞ്ഞിട്ടില്ല. കാരണം, അവർക്കനുഭവപ്പെട്ടിട്ടില്ല. ആ ബിൽ പാസാക്കികഴിഞ്ഞാൽ ഉടനെ കൃഷിതൊഴിലാളികൾക്കും ഇൻഡസ്ട്രീസു് തൊഴിലാളികൾക്കും ഓരോ കമ്മിറ്റിഉണ്ടാക്കി അവർ ഒരു അന്വേഷണംനടത്തി അവരുടെ റിപ്പോർട്ടനുസരിച്ചു് മിനിമം വേജസു് നിശ്ചയിക്കുന്നതാണു് എന്നുപറഞ്ഞു. ആ റിപ്പോർട്ടു് എല്ലാം വരുന്നതിനു കാലതാമസമുണ്ടാകും. ഈ ഗവണ്മെന്റിനു് തൊഴിലാളികൾക്കു് ആത്മാർത്ഥമായി ആശ്വാസം നൽകണമെന്നു ആഗ്രഹമുള്ളപക്ഷം—അങ്ങിനെയാണെന്നു ഞാൻ വിശ്വസിക്കുന്നു.—ഈ ബിൽ പുരോഗമനപരമാക്കിത്തീർക്കുവാൻ ആവശ്യമായ ഭേദഗതികളും വരുത്തേണ്ടിയിരിക്കുന്നു. അതുകൊണ്ടു് എല്ലാ ബില്ലുകളുടേയും മാതിരി ഇതു പാസാക്കരുതെന്നു ഞാൻ അഭ്യർത്ഥിക്കുന്നു. ഇതു സെലക്ട് കമ്മറ്റിയിലേയ്ക്കയക്കണമെന്നും ഞാൻ അപേക്ഷിക്കുന്നു.

**Sri. D. Gnanasigamoni :** Sir, I also support the motion for referring the Bill to the Select Committee.

**Sri. Panampilli Govinda Menon:** There is no motion for reference to the Select Committee before the House. The Hon'ble Member has to move one.

**Sri. D. Gnanasigamoni:** I move that this Bill may be referred to the Select Committee. My reason for doing so is this. The Government of India has already undertaken a comprehensive legislation which would apply not only throughout India, but to all States as well. The one chief reason for the Government of India undertaking this legislation is to establish an All-India Appellate Tribunal, so as to obviate the possible conflicting decisions being entered into in the respective States. The conflicting decisions of the various Tribunals have given rise to a lot of conflict between organised industry and organised labour. Therefore, the chief reason for the Government of India to undertake this legislation is for the establishment of an All-India Tribunal. I shall read the first portion of the Objects and Reasons accompanying that Bill in the Indian Legislation. It read thus: "The Labour Relations Bill, which breaks new ground, is the first attempt at providing India with a comprehensive law on the subject supersiding the Industrial Disputes Act, 1947, and similar legislation obtaining in States. Uniformity in the basic law governing labour relations has, in recent times, become imperative, particularly in view of the necessity for the setting up of an All-India Appellate Tribunal, with jurisdiction over all Union and State Tribunals".

Then, the last part says: "The Bill, the Select Committee report on which was presented last week, is down for Second Reading in Parliament on April 2". Thus, the Government of India is proceeding with all possible haste so that it may become Law before the Session ends in

LIBRARY ARCHIVES Kerala Legislative Assembly

Parliament now. So, it appears to me that this legislation is unnecessary at this juncture and that it will only lead to possible conflict.

Then another portion which I would like to place before the House is this: "The Appellate Tribunal the setting up of which will be the responsibility of the Union, is a new authority of considerable importance". Therefore, the whole Bill, as the Bill is now before us, is in conflict with some of the provisions of that Bill. There is no such provision in this Bill as it is in the Labour Relations Bill which is before the House of People. This Bill, in these circumstances, has practically been rendered useless. Now, the Hon'ble Minister points out the possibility of the Bill before the House of People being delayed for a year or so. I don't see from the paper reports coming day after day that the Bill will be delayed much. The Labour Minister who is in charge of the Bill has stated that he will proceed with all possible haste so that it may become law immediately. So, it appears to me, there is no need to proceed with this Bill in haste and it is better referred to a Select Commitee. If there is any possibility of the Bill being not passed in the House of People, it would be time enough for this House to consider whether this may be taken into consideration immediately and passed into law immediately.

On these grounds, I move that the Bill be referred to a Select Committee.

ശ്രീ. വി. ഗംഗാധരൻനായർ: സർ, ഞാൻ ശ്രീ. ജ്ഞാനസിഖാമണിയുടെ മോഷനെ അനുകൂലിക്കുന്നു. ഈ നിയമം മൂലം മുതലാളി, തൊഴിലാളി എന്നീ സാമുദായിക വർഗ്ഗങ്ങളെ നിലനിറുത്തിക്കൊണ്ടുപോകുന്നതിനും മുതലാളിയുടെ ആവശ്യത്തിനുവേണ്ടി തൊഴിലാളിയെ തുടച്ചുനീക്കുന്നതിനും വേണ്ട നിയമങ്ങളൊക്കെ സൃഷ്ടിക്കുക എന്നമാത്രമേ അർത്ഥമാകുന്നുള്ളൂ. ഈ നിയമത്തിൽ മുതലാളിയുടെ രക്ഷക്കുവേണ്ടിയല്ലാതെ തൊഴിലാളിയുടെ ഗുണത്തിനു പ്രയോജനകരമാംവണ്ണം യാതൊരു വ്യവസ്ഥയും കാണുന്നില്ല. തൊഴിലാളി മുതലാളി വർഗ്ഗങ്ങൾ നിലനില്ക്കുന്നതിനും തൊഴിലാളിയെ ചൂഷണം ചെയ്തുകൊണ്ടിരിക്കുന്നതിനുമുള്ള ഒരു ഡയലേട്ടറി ടാക്റ്റിക്സ് മാത്രമാണ് ഈ ഇൻഡസ്ട്രിയൽ ഡിസ്പ്യൂട്ട്സ് നിയമം എന്നു് നമ്മുടെ തൊഴിലാളി മുതലാളി ബന്ധത്തിന്റെ ചരിത്രം പരിശോധിച്ചാൽ കാണാവുന്നതാണു്. ഈ നിയമമനുസരിച്ചു് ഒരു കേസ്സുണ്ടാകുന്ന പക്ഷം അതു തൊഴിലാളികളെ കോടതിയിലേയ്ക്കു നയിച്ചാൽ മുതലാളിമാർ വലിയ വക്കീലന്മാരെ വരുത്തി വലിയ നിയമങ്ങൾ എല്ലാം നോക്കി വമ്പിച്ചതോതിൽ കേസ്സു നടത്തും. അതിലേക്കു അനവധി പണം അവർ ചെലവാക്കും. അതിനവർക്കു കഴിവുണ്ടു്. എന്നാൽ തൊഴിലാളിക്കാണെങ്കിൽ അത്രക്കു പണം ചെലവാക്കുവാൻ സാധിക്കാത്തതുകൊണ്ടു് നല്ല വക്കീലന്മാരെ കിട്ടുകയില്ല. മാത്രമല്ല അവരുടെ കായ്മും വരുമ്പോൾ ധർമ്മവും നീതിയും അപ്രത്യക്ഷമാകയും മുതലാളിയുടെ താല്പര്യം സംരക്ഷിക്കപ്പെടുകയും ചെയ്യുന്നതായിട്ടാണു് ഇതിനകം അനുഭവപ്പെട്ടിട്ടുള്ളതു്. അതുകൊണ്ടു് തൊഴിലാളികളെ അവരുടെ അവകാശങ്ങൾ സമ്പാദിക്കുന്നതിനുവേണ്ടി സമരം ചെയ്യുന്നതിനും, മുതലാളിയുടെ വ്യവസ്ഥകൾക്കു വിധേയമായി ഇഷ്ടമില്ലെങ്കിൽ വേല ചെയ്യാതിരിക്കുവാനുമുള്ള അവകാശമെങ്കിലും തൊഴിലാളികൾക്കു നിഷേധിക്കാതെ ഇരിക്കേണ്ടതു് ഇന്നത്തെ പരിതഃസ്ഥിതിയിൽ ഒരു വലിയ ആവശ്യമാണു്.

സർ, ഈ നിയമത്തിനകത്തു ഗവമ്മെണ്ടുതന്നെ 'എംപ്ലോയർ' ആയിരിക്കുമ്പോൾ അവരെ ഈ ട്രിബ്യൂണലിന്റെ എവാർഡു ബാധിക്കയില്ലെന്നൊരു വ്യവസ്ഥയുമുണ്ടു്. ഗവമ്മെണ്ടും മുതലാളിയും തൊഴിലാളിയുമായി കൂടി തർക്കമുണ്ടായാൽ അതു് ഒരു ഇൻഡസ്ട്രിയൽ ട്രിബ്യൂണലിൽ വരികയും അവർ ഒരു അവാർഡുണ്ടാക്കുകയും ചെയ്താൽ അതു് ഗവമ്മെണ്ടിനെ ബാധിക്കയില്ലെന്നു പറയുന്നതു് എന്തുകൊണ്ടാണു്? ഈ ഗവമ്മെണ്ടു് എന്തിനാണു് ഈ ഇൻഡസ്ട്രിയൽ ട്രിബ്യൂണലിനെ ഭയപ്പെടുന്നതു് എന്നു് ഞാൻ ചോദിക്കുന്നു. ഗവമ്മെണ്ടുതന്നെയാണു് ഈ ട്രിബ്യൂണലിനെ സംഘടിപ്പിച്ചിരിക്കുന്നതു്. ഈ ഗവമ്മെണ്ടിനെ സൃഷ്ടിച്ചിരിക്കുന്നതായ ഞങ്ങളുടെ ഗുണീയരിപക്ഷമുണ്ടെങ്കിൽ മാത്രമേ ഈ എവാർഡു സ്വീകരിക്കേണ്ട ആവശ്യമുള്ളൂ എന്ന വ്യവസ്ഥ ചെയ്തിട്ടുണ്ടു്. ഗവമ്മെണ്ടു് തന്നെ മുതൽ മുടക്കി കരിക്കേണ്ട ആവശ്യമുള്ള എന്ന വ്യവസ്ഥ ചെയ്തിട്ടുണ്ടു്. ഗവമ്മെണ്ടു് തന്നെ മുതൽ മുടക്കിയിരിക്കുമ്പോൾ ഒരു 'എംപ്ലോയർ' എന്ന നിലയിൽ മറ്റു മുതലാളിമാരിൽനിന്നു വ്യത്യസ്തയിരിക്കുമ്പോൾ ഒരു 'എംപ്ലോയർ' എന്ന നിലയിൽ മറ്റു മുതലാളിമാരിൽനിന്നു വ്യത്യസ്തമായ ഒരു പദവി എന്തിനവലംബിക്കുന്നു? ഈ വക കായ്കുങ്ങളും തീർച്ചയായും സഭ പരിഗണിക്കേണ്ടതു തന്നെയാണു്.

ഫ്രഞ്ചർ തിരുവിതാംകൂർ നിയമസഭയിൽ ഇതു പാസ്സാക്കിയ നിയമമാണെങ്കിലും ഇന്നു കൊച്ചിയെക്കൂടി ഈ രാജ്യത്തോടു ചേർത്തിട്ടുള്ള സ്ഥിതിക്കും അന്നത്തേക്കാൾ ഇന്നു്

LIBRARY ARCHIVES Kerala Legislative Assembly

[Sri. V. Gangadharan Nair]

തൊഴിലാളി മുതലാളി ബന്ധത്തിൽ വലുതായ മാറ്റങ്ങൾ വന്നിട്ടുള്ളതുകൊണ്ടും, ഈ വക കാര്യങ്ങളിൽ വളരെവരുന്ന അഭിപ്രായങ്ങൾ വച്ചുകൊണ്ട് നോക്കുമ്പോഴും ഈ നിയമത്തിൽ ഉൾക്കൊള്ളുന്ന വകുപ്പുകളിൽ പലതും കൊച്ചിയിലെ മെമ്പറന്മാരുടെ അഭിപ്രായവുംകൂടി അറിഞ്ഞിട്ട് ആവശ്യമായ ഭേദഗതികൾ വരുത്തി നിയമമാക്കുന്നതായിരിക്കും നല്ലതെന്ന് എനിക്കു തോന്നുന്നു. അതുകൊണ്ടാണ് ഞാൻ ശ്രീ. ജ്ഞാനശിഖാമണിയുടെ മോഷനെ അനുകൂലിച്ചുകൊണ്ട് ഈ ബിൽ സെലക്ട് കമ്മിറ്റിയിലേക്കയക്കണമെന്നു നിർദ്ദേശിക്കുന്നതു്.

സർ, ഇൻഡ്സ്ട്രിയൽ ട്രിബ്യൂണലിനു ഒരു അവാർഡു നൽകുവാനുള്ള സമയം ക്ലിപ്തപ്പെടുത്തിക്കൊണ്ട് ഒരു വ്യവസ്ഥ ഇതിൽ ചേർക്കേണ്ടതു് അത്യാവശ്യമാകുന്നു. അഞ്ചും ആറും എട്ടും പത്തും മാസമായിട്ടും ഒരു ഇൻഡസ്ട്രിയൽ ഡിസ്പ്യൂട്ടിൽ ഒരു അവാർഡും ഉണ്ടാക്കിയിട്ടില്ലാത്ത ട്രിബ്യൂണൽ ഈ രാജ്യത്തുള്ളപ്പോൾ ഇൻഡസ്ട്രിയൽ ടെമ്പ്യണൽകൊണ്ട് കാര്യങ്ങൾ നടത്താമെന്ന വിശ്വാസം ഇന്നു തൊഴിലാളികളിൽ നശിച്ചുകൊണ്ടിരിക്കുകയാണു്. അതുകൊണ്ട് ഈ നാട്ടിലെ തൊഴിലാളിമുതലാളിബന്ധം വളരെ സുരക്ഷിതമായ നിലയിലാക്കിത്തീർക്കുന്നതിനു ഈ നിയമത്തിൽ ആവശ്യമായ ഭേദഗതി വരുത്തി തൊഴിലാളി താല്പര്യത്തെ മുൻനിർത്തി അതു് പ്രയോഗത്തിൽ കൊണ്ടുവരണമെന്നു് അപേക്ഷിച്ചുകൊണ്ട് ഞാൻ ഈ മോഷനെ പിന്താങ്ങിക്കൊള്ളുന്നു.

ശ്രീ. എ. കെ. പാച്ചുപിള്ള: സർ, ശ്രീ. ജ്ഞാനശിഖാമണിയുടെ ഭേദഗതിയെ അനുകൂലിക്കുന്നതോടൊപ്പം ഈ ബില്ലിലെ ചില പ്രധാന വ്യവസ്ഥകളെപ്പറ്റികൂടി പരാമർശിക്കണമെന്നാണ് ഞാൻ ഉദ്ദേശിക്കുന്നതു്. ഇങ്ങിനെ ഒരു ബില്ലിന്റെ ആവശ്യം തൊഴിലാളികളും മുതലാളികളും തമ്മിലുള്ള ബന്ധം വ്യവസ്ഥാപിതമായ ഒരു അടിസ്ഥാനത്തിൽ പുലർത്തിക്കൊണ്ടു നിവൃത്തിയുള്ളിടത്തോളം അവർ തമ്മിൽ മത്സരം ഉണ്ടാകാതിരിക്കണം അഥവാ ഏതെങ്കിലും മത്സരം ഉണ്ടാകുന്നപക്ഷം അതു് ന്യായമായ ഒരു തീരുമാനത്തിൽ എത്തിക്കുന്നതിനുള്ള വഴി കണ്ടുപിടിക്കണം എന്നുള്ളതാണ്. ഈ വിധത്തിൽ നോക്കുന്നപക്ഷം സാരമായ പല ഭേദഗതികളും ഈ ബില്ലിൽ വരുത്തുവാൻ ഉണ്ടെന്നുള്ളതു് ഈ ബില്ലിലെ വ്യവസ്ഥകൾ പരിശോധിച്ചാൽ കാണ്മാൻ കഴിയും. ഇപ്രകാരമുള്ള ഒരു ബില്ലിന്റെ ആവശ്യത്തെ സംബന്ധിച്ചു് ഇതിന്റെ പ്രയോക്താവായ ബഹുമാനപ്പെട്ട മന്ത്രി ഇവിടെ പറഞ്ഞുകഴിഞ്ഞു. കൊച്ചിയിലും തിരുവിതാംകൂറിലും ഒരു പ്രത്യേക വ്യവസായത്തെ സംബന്ധിച്ചിടത്തോളം രണ്ടു രൂപത്തിലാണ് പ്രവർത്തനം നടത്തിക്കൊണ്ടിരിക്കുന്നതെന്നു അദ്ദേഹം പറഞ്ഞു. കൊച്ചിയിലെ പ്ലാന്റേഷൻ വ്യവസായത്തെ സംബന്ധിച്ചു് അദ്ദേഹത്തിനു നല്ല പരിചയമുള്ളതുകൊണ്ടു്, അതിനെ സംബന്ധിച്ചുള്ള തർക്കം ഇൻഡസ്ട്രിയൽ ഡിസ്പ്യൂട്ടിന്റെ പരിധിയിൽ പെടുകയില്ലെന്നു വിധിച്ചതുകൊണ്ടാണ് ഈ പരിഷ്കാരം വരുത്തുന്നതിനു അദ്ദേഹത്തിനു തോന്നിയതു് എന്നു്. എന്നാൽ അദ്ദേഹത്തെ എനിക്കൊന്നു ചൂണ്ടിക്കാണിക്കുവാനുണ്ട്. അതു് തിരുവിതാംകൂറിലെ പ്ലാന്റേഷൻ വ്യവസായത്തെ സംബന്ധിച്ചിടത്തോളം ഇന്നു ഇങ്ങിനേയുള്ള ഒരു നിയമമുണ്ടെന്നല്ലാതെ അതിന്റെ സാരാംശം പ്രവൃത്തിരൂപത്തിൽ അനുഷ്ഠിക്കപ്പെടുന്നില്ല എന്നുള്ളതാണതു്. ഇവിടെ പ്രധാനമായി പ്ലാന്റേഷൻ നടക്കുന്ന താലൂക്കുകൾ പത്തനംതിട്ട, പത്തനാപുരം, തൊടുപുഴ, ദേവികുളം, പീരുമേടു് മുതലായവയാണ്. അനേകം തോട്ടങ്ങളും ഈ താലൂക്കുകളിൽ ഉണ്ടു്. അവിടെയുള്ള പല തോട്ടങ്ങളിലും ഇങ്ങിനേയുള്ള വർക്സ് കമ്മിറ്റികളും നിലവിലില്ലാ എന്നുള്ളതു് ഒരു പരമാർത്ഥം മാത്രമാണ്. ഏതെങ്കിലും തോട്ടങ്ങളിൽ നിലവിൽ ഉണ്ടെന്നു കാണുന്നപക്ഷം അതു പല തോട്ടം ഉടമസ്ഥന്മാരും അവക്കിഷ്ടമുള്ള ഏതെങ്കിലും ആളുകളുടെ പേർ അതു സംബന്ധിച്ചു് ഡിപ്പാർട്ടുമെണ്ടിലേയ്ക്കു് എഴുതി അയക്കുന്നതിനു മാത്രമായി ആപ്പീസ്സിൽ കൊടുത്തിട്ടുള്ളതാണ്. അവിടെ ഉണ്ടാകുന്ന തർക്കങ്ങൾ നാമമാത്രമായിട്ടെങ്കിലും വർക്സ് കമ്മിറ്റിയുടെ മുമ്പാകെ കൊണ്ടുവരികയോ, ശരിയായിട്ട് ഒരു ഫാക്ടറിയിൽ കൂടുതൽ ആളുകളുള്ള തോട്ടങ്ങളിൽനിന്നു ഒരാളെങ്കിലും തിരഞ്ഞെടുക്കപ്പെട്ട് വർക്സ് കമ്മിറ്റി രൂപീകരിക്കുകയോ, അവർ നാമനിർദ്ദേശം ചെയ്ത ആളുകളോടു പോലും തർക്കങ്ങളെപ്പറ്റി ആലോചിക്കുകയോ, തർക്കങ്ങൾ അവരുടെ മുമ്പിൽ കൊണ്ടുവരികയോ ആ തർക്കങ്ങൾ ഇരുകക്ഷികളുംകൂടിയോജിച്ചു തീരുകയോചെയ്യുന്ന ഒരുപതിവു തിരുവിതാംകൂറിലെ തോട്ടങ്ങളിൽ ഒന്നുംതന്നെ ഇല്ലെന്ന പരമാർത്ഥം ഞാൻ അദ്ദേഹത്തെ അറിയിച്ചുകൊള്ളുന്നു. അദ്ദേഹംതന്നെ ഇവിടെ പറഞ്ഞു കഴിഞ്ഞു തിരുവിതാംകൂറിൽ പ്രവർത്തനത്തിൽ ഇരിക്കുന്ന

LIBRARY ARCHIVES Kerala Legislative Assembly

തോട്ടങ്ങളെ സംബന്ധിച്ച് അദ്ദേഹത്തിനു നേരിട്ടു പരിചയമില്ലെന്നും അതിനെക്കുറിച്ച് അന്വേഷണം നടത്തുന്നതിനു അദ്ദേഹം സന്നദ്ധനാണെന്നും. എന്റെ പരിചയം വച്ചു നോക്കുന്നപക്ഷം തീർച്ചയായും ആശാസ്യമായ ഒരു നിലയിലല്ല ഇവിടത്തെ തോട്ടങ്ങളിലെ തൊഴിലാളികളുടെ സ്ഥിതി എന്നു് ഇവിടെ പറയാതിരിക്കുവാൻ നിവൃത്തിയില്ല. അതുകൊണ്ടു് കുറച്ചുകൂടി ഭാവനാപരമായ നിലയിൽ ഈ പ്രശ്നത്തെ അഭിമുഖീകരിക്കുന്നതിനു് ആവശ്യമായ വ്യവസ്ഥകൾ ഈ ബില്ലിൽ ഉണ്ടായിരിക്കേണ്ടതാണു്. അതുകൊണ്ടു് ഈ ബിൽ ശ്രീ. ജ്ഞാനശിഖാമണി പറഞ്ഞതുപോലെ ഈ സഭയിലെ കുറച്ചെങ്കിലും തൊഴിലാളി പ്രവർത്തനങ്ങളിൽ പരിചയമുള്ള ആളുകളെ വച്ചുകൊണ്ടു് അതിനെ സംബന്ധിച്ചുള്ള പല വിധമായ പ്രശ്നങ്ങളും അവരുടെ ചർച്ചക്കു കൊണ്ടുവന്നു് ബഹുമാനപ്പെട്ട തൊഴിലാളി മന്ത്രി പറഞ്ഞതുപോലെ ഇതുപോലെയുള്ള കായ്കങ്ങൾ കണ്ടുപിടിച്ചു്, വേണ്ടിവന്നാൽ തോട്ടങ്ങളിൽ സഞ്ചരിച്ചു തന്നെയും, അതിനെ സംബന്ധിച്ചു് തെളിവെടുത്തു്, ഈ നിയമം തൊഴിലാളികൾക്കു് ഉപകാരപ്രദമാക്കണമെന്നാണു് എനിക്കും നിർദ്ദേശിക്കുവാനുള്ളതു്.

പ്രധാനമായി എനിക്കാക്ഷേപം ഉള്ളതു് ഇതിലെ ഛ, ങ, ന ഈ അദ്ധ്യായങ്ങളെപ്പറ്റിയാണു്. രണ്ടാം അദ്ധ്യായത്തിൽ വർക്കു്സ് കമ്മിറ്റിയെപ്പറ്റി വിവരിക്കുന്നു. നിലവിലിരിക്കുന്ന വർക്കു്സ് കമ്മിറ്റികളുടെ പ്രവർത്തനങ്ങളെപ്പറ്റിയും അതിന്റെ അസ്വീകാര്യതകളെപ്പറ്റിയും ഞാൻ ഇവിടെ പറഞ്ഞുകഴിഞ്ഞു. ഇനി ഇങ്ങനെയുള്ള വർക്കു്സ് കമ്മിറ്റി രൂപീകരിക്കുമ്പോൾ യഥാർത്ഥമായി തൊഴിലാളികളെ സഹായിക്കുകയാണു് നാമെങ്ങിനെന്റെ ഉദ്ദേശമെങ്കിൽ എനിക്കു ചില നിർദ്ദേശങ്ങൾ നൽകുവാനുണ്ടു്. സാധാരണയായി ഈ വ്യവസായശാലകളിൽ കണ്ടുവരുന്നതു് തൊഴിലാളികളിൽ അധികവും നിരക്ഷരകുക്ഷികളും മുതലാളികളെല്ലാം അഭ്യസ്തവിദ്യരുമായിട്ടാണു്. അങ്ങിനെയിരിക്കുമ്പോൾ ഈ രണ്ടാം അദ്ധ്യായത്തിലെ ന-ാം വകുപ്പിൽ പറഞ്ഞിരിക്കുന്നതു് ഇരുകക്ഷികളിൽനിന്നും പ്രതിനിധികളെ തിരഞ്ഞെടുത്തിട്ടു വർക്കു്സ് കമ്മിറ്റി രൂപീകരിക്കണം എന്നുള്ളതാണു്. ടെയിഡ്യൂണിയന്റെ അടിസ്ഥാനം കളക്ടീവു ബാർഗെയിനിങ്ങ് ആണു്. തനിയെ നില്ക്കുന്നതിനു ശക്തിയില്ലാത്ത തൊഴിലാളി വർഗ്ഗത്തിനു അവരേക്കാൾ ഉന്നതനും സിദ്ധിച്ചിരിക്കുന്ന ഈ മുതലാളിവർഗ്ഗത്തോടൊപ്പം എത്തുന്നതിനു കളക്ടീവു ബാർഗെയിൻ ചെയ്യേണ്ടിലും അവരുടെ അവകാശം സമ്പാദിക്കുന്നതിനു അംഗീകാരം കൊടുത്തിട്ടുണ്ടു് എന്നുള്ളതാണു്. ഈ അംഗീകാരം ശരിയായി തുടർന്നുകൊണ്ടു പോകുന്നതിനു അനുവദിക്കുന്നപക്ഷം തീർച്ചയായും തൊഴിലാളികളുടേയും മുതലാളികളുടേയും പ്രതിനിധികളുടെ സംഖ്യ വർക്കു്സ് കമ്മിറ്റിയിൽ ഒരുപോലെ ഇരുന്നാൽ പോരാ എന്നു് അറിയുവാൻ സാധിക്കും. മുതലാളികൾക്കു് വലിയ സ്വാധീനശക്തി ചെലുത്തുന്നതിനുള്ള ശക്തിയും സൌകര്യവും സാമർത്ഥ്യവും ഉണ്ടു്. എന്നാൽ തൊഴിലാളികൾക്ക അതൊന്നുമില്ല. വർക്കു്സ് കമ്മിറ്റിയിലെങ്കിലും കൂടുതൽ ആളുകളെ മുതലാളികളിൽ നിന്നു എടുക്കാതിരിക്കുന്നപക്ഷം, തൊഴിലാളികൾക്ക മുതലാളികളുടേതിലും കൂടുതൽ പ്രതിനിധികളെ കൊടുക്കുന്നപക്ഷം, അവരുടെ സംഖ്യാബലം കൊണ്ടു് അവരൊന്നിച്ചു ചേർന്നുനിന്നു് അവരുടെ ആവശ്യങ്ങൾ മുതലാളികളുടെ മുമ്പിൽ വെക്കുവാൻ സാധിക്കും. അതിനായിട്ടെങ്കിലും ഒരുപോലെയുള്ള സംഖ്യ എന്നുള്ളതു മാറ്റി ടെയിഡ് യൂണിയൻ ആക്ടിൽ നാമെങ്ങിനെന്നു് അംഗീകരിച്ചുകൊണ്ടു കുറേക്കാലത്തേക്കെങ്കിലും വർക്കു്സ് കമ്മിറ്റിയിൽ കൂടുതൽ പ്രാതിനിധ്യം തൊഴിലാളികൾക്കു കൊടുക്കണമെന്നാണു് എനിക്കു് ആദ്യമായി നിവേദനം ചെയ്യുവാനുള്ളതു്.

ഇനി ഈ വർക്കു്സ് കമ്മിറ്റിയുടെ പ്രവർത്തനത്തെപ്പറ്റി നോക്കാം. എന്തെല്ലാമാണു് ഈ വർക്കു്സ് കമ്മിറ്റിയിൽ നടത്തേണ്ടതു്; എപ്പോഴാണു് മീറ്റിംഗു കൂടേണ്ടതു്; മീറ്റിംഗിന്റെ ചടങ്ങുകൾ എന്തൊക്കെയാണു്; മീറ്റിംഗുകൂടിയാൽ അതിനെ സംബന്ധിച്ചു് റിക്കാർഡുവേണോ എന്നുള്ളതിനെ സംബന്ധിച്ചു് അവർക്കു യാതൊരു പരിചയവുമില്ല. തോട്ടങ്ങളിൽ വളരെ വിരളമാണു് ടെഡ്യൂണിയൻ പ്രവർത്തനം തന്നെ. അങ്ങും ഇങ്ങുമായി ചില വർക്കു്സ് കമ്മിറ്റികളുണ്ടു്. ഈ നിലയിൽ വർക്കു്സ് കമ്മിറ്റികളെ തിരഞ്ഞെടുക്കുന്നതിനു മുമ്പായി, അതായതു ഡിസ്ട്രിക്ടിലെ ലേബർ ഇൻസ്പെക്ടർ വന്നു് എല്ലാകക്ഷികളേയും വിളിച്ചുകൂട്ടി മുതലാളികളുടെ പാവകളായിരിക്കുന്ന ആളുകളെ വർക്കു്സ് കമ്മിറ്റിയിൽ വരുത്താതെ ഈ ലേബർ ഇൻസ്പെക്ടർ തന്നെ മുൻകൂട്ടി നോട്ടീസു കൊടുത്തു് യോഗം വിളിച്ചുകൂട്ടി ആ യോഗത്തിൽ വച്ചു് വർക്കു്സ് കമ്മിറ്റിയിലേക്കുള്ള ആളുകളെ തിര

LIBRARY ARCHIVES Kerala Legislative Assembly

[Sri. A. K. Pachu Pillai]

ഞ്ഞെടുക്കേണ്ടതാണ്". ഇന്ന പലസ്ഥലങ്ങളിലും കോ-ഓപ്പറേറ്റീവു സൊസൈറ്റികളുടെ യോഗം കോ-ഓപ്പറേറ്റീവു ഇൻസ്പെക്ടർമാർ നടത്തുന്നതുപോലെ സൂപ്പർവൈസർമാരൊ ലേബർ ഇസ്പെക്ടർമാരൊ അതാതു സ്ഥലത്തു ഹാജരായി അവരുടെ സാന്നിദ്ധ്യത്തിൽ വർക്ക്സ് കമ്മിറ്റിയിലേക്കു തിരഞ്ഞെടുപ്പുനടത്തി തൊഴിലാളികൾക്കു ശരിയായ പ്രാതിനിദ്ധ്യം കൊടുക്കുന്നതിനു വേണ്ട വ്യവസ്ഥകൾ ചെയ്യണമെന്നാണ് പറയുവാനുള്ളതു". അതിനു ഒരു മെഷിനറി ഇവിടെ പ്രൊവൈഡ് ചെയ്തിട്ടില്ല. അതും സെലക്റ്റ് കമ്മിറ്റിയിൽ ആലോചിക്കേണ്ട ഒരു വിഷയമാണ്". സാധാരണയായി അവർ സൂക്ഷിക്കേണ്ട റിക്കാർഡുകളെ സംബന്ധിച്ചും എതെല്ലാം റിക്കാർഡുകളാണ വേണ്ടതു", മീറ്റിംഗ്സ കൂടണമെങ്കിൽ അതു ഇന്ന രൂപത്തിലാണ് കൂടേണ്ടതു"; ഇത്ര മീറ്റിംഗ്സുകൾ കൂടണം എന്നുള്ളതിനെ സംബന്ധിച്ചും തൊഴിലാളികളും മുതലാളികളും തമ്മിലുണ്ടാകുന്ന തർക്കങ്ങൾ രാജിയായി തീരുന്നതിനെ സംബന്ധിച്ചും വ്യവസ്ഥാപിതമായ മാർഗ്ഗത്തിൽകൂടി ചില വകുപ്പുകൾ ഉണ്ടാക്കി അതനുസരിച്ചു ചില സംഗതികളും കൂടി ഇതിൽ കൊള്ളിക്കേണ്ടിയിരിക്കുന്ന എന്നാണ് എനിക്ക് ഈ വർക്ക്സ് കമ്മിറ്റിയെപ്പറ്റി പറയുവാനുള്ളതു".

ഇനി, ഇതിന്റെ രണ്ടാം അദ്ധ്യായത്തിൽ പറഞ്ഞിരിക്കുന്നതു് സ്ട്രൈക്കിനേയും ലോക്കൌട്ടിനേയും പറ്റിയാണ്. എന്റെ സ്നേഹിതൻ മിസ്റ്റർ ഗംഗാധരൻനായർ പറഞ്ഞതു പോലെ ഈ വകുപ്പുകളെപ്പറ്റി വളരെ ഗാഢമായിട്ട് ആലോചിക്കേണ്ടിയിരിക്കുന്നു. അദ്ദേഹം അതിനെപ്പറ്റി പറഞ്ഞിട്ടുള്ളതുകൊണ്ട് ഞാൻ കൂടുതലായി പറയണമെന്നു വിചാരിക്കുന്നില്ല. അതതു തൊഴിലാളികളെപ്പറ്റി പറയുമ്പോൾ അതിനു ചില നിയന്ത്രണങ്ങളെല്ലാം കൊടുത്തിട്ടുണ്ട്. പബ്ലിക്ക് യൂട്ടിലിറ്റി സർവ്വീസിനു് അപകടം പറ്റാതിരിക്കത്തക്ക വിധത്തിൽ ചില രക്ഷാവ്യവസ്ഥകൾ ആവശ്യമാണ്. എന്നാൽ ഏതെല്ലാമാണ് പബ്ലിക്ക് യൂട്ടിലിറ്റി സർവ്വീസ് എന്നു വ്യക്തമായിട്ടുതന്നെ പറയണം. ബഹുമാനപ്പെട്ട മന്ത്രി അവർകൾ പറഞ്ഞു ഒരു വർഷം കഴിയുമ്പോഴേക്കും ഇതിനു ഒരു നിയമം വരും എന്നു്. എന്നാൽ അതിനിടക്കു് ഇന്നയിന്ന സർവ്വീസാണ് പബ്ലിക്ക യൂട്ടിലിറ്റി സർവ്വീസ് എന്നു അതിനു് ഒരു നിർവ്വചനം കൊടുക്കേണ്ടതു് ആവശ്യമാണു്. ഈ സംഗതിയെ സംബന്ധിച്ചും സിലക്റ്റ് കമ്മിറ്റിയുടെ ശ്രദ്ധ പതിയേണ്ടതു് വളരെ ആവശ്യമാണ്.

പിന്നെ പേജ് 3-ാം വകുപ്പു് :

23. *General prohibition of strikes and lock-outs.*—No workman who is employed in any industrial establishment shall go on strike in breach of contract and no employer of any such workman shall declare a lock-out.—

(*a*) during the pendency of conciliation proceedings before a Board and seven days after the conclusion of such proceedings;

(*b*) during the pendency of proceedings before a Tribunal and for six weeks after the conclusion of such proceedings; or

(*c*) during any period in which a settlement or award is in operation, in respect of any of the matters covered by the settlement or award.

ഇങ്ങനെ ചില കണ്ടീഷൻസ് കൊടുത്തിട്ടുണ്ട്. ഈ കണ്ടീഷനെപ്പറ്റിയും ആലോചിക്കേണ്ടതുണ്ട്. അതിനു് ഈ വിഷയത്തിൽ പ്രായോഗികമായിട്ടു് അനുഭവം സിദ്ധിച്ചിട്ടുള്ള ആളുകളുമായിട്ടു ചർച്ചചെയ്യാതെ സാദ്ധ്യമല്ല. അതു സിലക്ട് കമ്മിറ്റിയുടെ ശ്രദ്ധയ്ക്കു വിഷയമാക്കേണ്ടതാണ്.

ഇനി ആറാം അദ്ധ്യായത്തിലേക്കാണ് ഞാൻ കടക്കുന്നതു്. പിഴ, ശിക്ഷ മുതലായവയെപ്പറ്റിയാണ് ഈ അദ്ധ്യായത്തിൽ പറഞ്ഞിരിക്കുന്നതു്. Clause 27—"Penalty for instigation" നോക്കുക.

27. *Penalty for instigation. etc.*—Any person who instigates or incites others to take part in, or otherwise acts in furtherance of a strike or lock-out which is illegal under this Act shall be punishable with imprisonment for a term which may extend to six months, or with fine which may extend to one thousand rupees, or with both.

ഇതു ശരിയായ ഒരു ട്രെയിഡു യൂണിയൻ പ്രവർത്തനമല്ല. ആരോഗ്യപരമായി പ്രവൃത്തി നടത്തുന്നതിനെ അസാദ്ധ്യമാക്കിത്തീർത്തിട്ടുള്ള ഒരു വകുപ്പാണ് ഇതെന്നു കാണുവാൻ കഴിയും. ഇന്ന വർഗ്ഗബോധമില്ലാതിരിക്കുന്ന തൊഴിലാളികൾക്കു് ഈവക സംഗതികളിൽ നേതൃത്വം കൊടുക്കേണ്ടതു്, അതിനെപ്പറ്റി പാകത സിദ്ധിച്ചിട്ടുള്ള, അറിവു സിദ്ധിച്ചിട്ടുള്ള, തൊഴി

LIBRARY ARCHIVES Kerala Legislative Assembly

ളാളികളോട് അനുഭാവമുള്ള, പ്രവർത്തകന്മാരാണ്. അവരെ ചൂഷണംചെയ്യാതെ അവരുടെ വസ്തുലക്ഷ്യത്തിലേക്ക് എത്തിക്കുന്നതിനു് അവരുടെ ആളുകളെപ്പോലെ പ്രവൃത്തിയെടുത്തു വരുന്ന ആളുകളെ നിരുത്സാഹപ്പെടുത്തുന്നതിനുള്ള ഒരു വകുപ്പാണ് ഇതെന്നു കാണാം.

"Any person who instigates or incites others to take part in, or otherwise acts in furtherance of a strike or lock-out which is illegal under this Act shall be punishable with imprisonment for a term which may extend to six months, or with fine which may extend to one thousand rupees, or with both."

പ്രേരിപ്പിക്കുക എന്നു പറഞ്ഞാൽ ഈ കാര്യം ഒരു പ്രത്യേക ഉദ്ദേശത്തോടുകൂടി ചെയ്യാലും, അനീതിക്കായി സമരംചെയ്യണമെന്നു പറഞ്ഞാലും, സമരംചെയ്യണ്ട എന്നു് ഒരു സൽപ്രേരണ നൽകിയാലും അയാൾ ശിക്ഷയ്ക്കു വിധേയനാകുമെന്നാണ് ഈ വകുപ്പുകൊണ്ടു വരുന്നതു്.

**Mr. Speaker:** It is a matter of detail.

ശ്രീ. എ. കെ. പാച്ചുപിള്ള: പിന്നെ ഒരു പ്രാധാന്യവകുപ്പു്. ഇതു് ഏറ്റവും സങ്കടകരമായ ഒരു സംഗതിയാണ്. അതായതു് അല്പപ്രജ്ഞനായി യാതൊരു പ്രവൃത്തിക്കും വഴിയില്ലാതെ പട്ടിണികിടക്കുന്ന ഒരു തൊഴിലാളി ക്ഷേണം കഴിക്കുന്നതിനുവേണ്ടി എന്തെങ്കിലും യാചിച്ചാൽ അയാൾക്കു വല്ലതും സംഭാവനചെയ്യുന്നപക്ഷം അതു ഇല്ലീഗലാണ് എന്നാണു പറയുന്നതു്. ഇതു് ഈ ബില്ലിന്റെ തത്വത്തിനുതന്നെ വിരുദ്ധമായിട്ടുള്ള ഒരു വകുപ്പാണ്. യാതൊരു വിധത്തിലുംഇങ്ങിനെയുള്ള ഒരു വകുപ്പിനു് ഈ ബില്ലിൽ ഇടംകൊടുക്കുവാൻ പാടുള്ളതല്ല. ഞാൻ നേരത്തേ പറഞ്ഞതുപോലെ യഥാർത്ഥതൊഴിലാളിപ്രവർത്തകന്മാരുമായിട്ടു ചർച്ചനടത്തിയതിനുശേഷമേ ഈ വകുപ്പു ചേർക്കുവാൻ പാടുള്ളൂ. അതുകൊണ്ടു് ഈ കാര്യത്തിലും ഒരു സിലക്ട് കമ്മിറ്റി ആവശ്യമായിട്ടാണ് ഇരിക്കുന്നതു്. ഇങ്ങിനെ നോക്കുകയാണെങ്കിൽ ശരിയായവിധത്തിൽ തൊഴിലാളിപ്രവർത്തനം നടത്തേണ്ട ആവശ്യത്തിനു് ഈ ബിൽ സിലക്ട് കമ്മിറ്റിക്കയയ്ക്കണമെന്നു മിസ്റ്റർ ജ്ഞാനശിഖാമണിയുടെ ഭേദഗതിയെ ബഹുമാനപ്പെട്ട തൊഴിലാളിമന്ത്രി അനുകൂലിക്കുമെന്നു ഞാൻ വിശ്വസിക്കുന്നു.

**Sri. A. Thanu Pillai:** I would very earnestly request the Minister in charge that he agrees to the Bill being referred to a Select Committee. I think there is no urgency about this measure.

**Sri. Panampilli Govinda Menon:** I am agreeable. Because it is going to a Selec Committee I would reply one or two points raised in this House.

സർ, ബഹുമാനപ്പെട്ട മെമ്പർ, ശ്രീ. ജ്ഞാനശിഖാമണിയുടെ ഭേദഗതി സ്വീകരിക്കുവാൻ എനിക്കു സമ്മതമാണ്. ഞാൻ അതു സ്വീകരിക്കുന്നതു വളരെ ബഹുമാനപ്പെട്ട അംഗങ്ങൾ ഇതു സിലക്ട് കമ്മിറ്റിക്കയയ്ക്കണമെന്നു് അഭിപ്രായപ്പെട്ടതുകൊണ്ടും ആ അംഗങ്ങളോടു് എനിക്കുള്ള ബഹുമാനംകൊണ്ടുമാണ്. ഇതു സിലക്ട് കമ്മിറ്റിക്കയയ്ക്കുന്നതിനു വലിയ ആവശ്യമുണ്ടായിരുന്നില്ലെന്നു് എനിക്കു വ്യക്തിപരമായ അഭിപ്രായമുണ്ട്. കാരണം, തിരുവിതാംകൂർ നിയമസഭയിൽ പാസ്സായിട്ടുള്ള ഒരു ബില്ലാണിതു്. കൊച്ചിയിലെ നിയമസഭയിലും ഇതു പാസ്സായിക്കഴിഞ്ഞിട്ടുണ്ട്. അതു് അംഗീകരിക്കുന്നതിനുമുമ്പു് സംയോജനം വന്നു. അതുകൊണ്ടു് അതു നിയമമായിട്ടില്ല എന്നേയുള്ളൂ. തിരുവിതാംകൂറിലെ നിയമസഭയും കൊച്ചിയിലെ നിയമസഭയും അതു സ്വന്തമായി ഉണ്ടാക്കിയതല്ല. ഗവർമ്മെന്റ് ഇൻഡ്യാനിയമസഭയിൽ പാസ്സായ ഇൻഡസ്ട്രിയൽ ഡിസ്പ്യൂട്ട്സ് ആക്ടിന്റെ തനിപകർപ്പാണ് തിരുവിതാംകൂറിലും കൊച്ചിയിലും നിലവിലുണ്ടായിരുന്നതു്. മിസ്റ്റർ പാച്ചുപിള്ള പറയുന്നവിധത്തിൽ ചില വ്യത്യാസങ്ങളൊക്കെ വരുത്തുന്നതുകൊണ്ടു തൊഴിലാളികൾക്കും തൊഴിലാളിപ്രവർത്തകന്മാർക്കും കൂടുതൽ നന്മ കിട്ടുവാൻ സാധിക്കുമെങ്കിൽ ഞാൻ അതിനു തടസ്സം നില്ക്കുന്നില്ല.

ബഹുമാനപ്പെട്ട മെമ്പർ മിസ്റ്റർ ജ്ഞാനശിഖാമണി പറഞ്ഞ പത്രറിപ്പോർട്ട് ശരിയല്ല. കാരണം, ലേബർ റിലേഷൻസ് ബില്ലിനെ സംബന്ധിച്ചുള്ള ആലോചനയിൽ പങ്കുകൊള്ളുന്നതിനായി ഞാൻതന്നെ ഇൻഡ്യാഗവർമ്മെന്റിന്റെ അടുത്തു പോകയുണ്ടായി. അതിനെക്കുറിച്ചു് ആലോചിച്ചു എങ്കിലും അന്നു് ഒരു ബിൽ അവതരിപ്പിച്ചില്ല. അതിനുശേഷം ഒരു അപ്പലേറ്റ ട്രൈബ്യൂണൽ ബില്ലുണ്ടായിട്ടുണ്ട്. ഈ റിപ്പോർട്ട് ചെയ്തിട്ടുള്ള ആൾ അതിനെ തെറ്റിദ്ധരിച്ചു റിപ്പോർട്ടുചെയ്തിട്ടുള്ളതാണ്. ലേബർ കോഡുണ്ടാക്കുവാൻ കുറച്ചു താമസമുണ്ട്. ഈ ബിൽ കൊച്ചിയിൽക്കൂടി ബാധകമാക്കി ഒരു ആർഡിനൻസുതന്നെ ഉണ്ടാക്കിയിട്ടുണ്ട്. പ്ലാന്റേഷനിൽ ഒരു ലേബർ ഡിസ്പ്യൂട്ടുണ്ടായി. അതനുസരിച്ചു്.....

LIBRARY ARCHIVES Kerala Legislative Assembly

**Sri. A. Thanu Pillai:** Was that Ordinance promulgated after the Constitution or before?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: ഈ ലേബർ ഡിസ്പ്യൂട്ട് അഡ്ജൂഡിക്കേഷൻ ആക്ടാക്കുവാൻ ഇന്നത്തെ നിയമപ്രകാരം നിവൃത്തിയില്ലാത്തതുകൊണ്ട് ഒരു ആർഡിനൻസ് ഇഷ്യൂചെയ്തു. ബഹുമാനപ്പെട്ട സഭയും മെമ്പർമാരും ഒന്നു ധരിച്ചാൽ കൊള്ളാം. പുതിയ ഭരണഘടനയനുസരിച്ച് ഇവിടെ നിലവിലുള്ള ആർഡിനൻസ് ആറാഴ്ചയ്ക്കകം ഇല്ലാതാകുന്നതാണ്. ഈ സിലക്ട് കമ്മറ്റിക്കയച്ച് സിലക്ട് കമ്മറ്റിയുടെ ഗാഢമായ ശ്രദ്ധ ഇതിൽ ചെലുത്തണമെന്നുണ്ടെങ്കിൽ കുറെ അധികം സമയം വേണ്ടിവന്നേക്കും. ഇപ്പോൾ നമ്മ ഇൻഡസ്ട്രിയൽ ട്രൈബ്യൂണലുകൾ ഇവിടെയുണ്ട്. ആറാഴ്ചയ്ക്കകം ഈ ബിൽ നിയമമായില്ലെങ്കിൽ ഈ മൂന്നു ട്രൈബ്യൂണലുകളുടേയും നിയമപരമായ അടിസ്ഥാനം ഇല്ലാതാകുന്നതാണ്. അതുകൊണ്ടു പല തൊഴിലാളി പ്രവർത്തനങ്ങൾക്കും തടസ്സമുണ്ടാകും. അനേകം തൊഴിൽത്തർക്കങ്ങൾ ഇപ്പോൾ ട്രൈബ്യൂണലിലേയ്ക്കു റഫർ ചെയ്തിട്ടുണ്ട്. തൊഴിൽത്തർക്കങ്ങൾ റഫർ ചെയ്യുന്നതിനെപ്പറ്റി സഖാവ് ഗംഗാധരൻ നായരും, സഖാവ് പൊന്നറ ശ്രീധരം പറയുകയുണ്ടായി.

ശ്രീ. പൊന്നറ ജി. ശ്രീധർ: ശ്രീ. എന്നു പറഞ്ഞാൽ കൊള്ളാം.

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: ശ്രീ. ശ്രീധരം പറയുകയുണ്ടായി. തൊഴിലാളികളുടെമേൽ നിർബന്ധമായിട്ടുള്ള അഡ്ജൂഡിക്കേഷൻ കെട്ടിവയ്ക്കുകയാണെന്ന്. എന്റെ ഏതാനും കൊല്ലത്തെ അനുഭവം വച്ചുകൊണ്ടുനോക്കുകയാണെങ്കിൽ എല്ലാ വിഭാഗത്തിൽപ്പെട്ട തൊഴിലാളികളും തൊഴിൽ തർക്കത്തിൽ അഡ്ജൂഡിക്കേഷൻ വേണമെന്ന് ആവശ്യപ്പെടുന്നവരാണ്. ഞാൻ തൊഴിൽമന്ത്രിയായിട്ട് ഇരിക്കുമ്പോൾ പല തൊഴിലാളി നേതാക്കന്മാരും എന്നെ സമീപിച്ച് അവക്ക് മുതലാളിമാരുമായിസ്ട്രൈക്ക് ഉണ്ടാക്കേണ്ടിയിരിക്കുന്നുവെന്നും സ്ട്രൈക്കുകൊണ്ട് അവരുടെ അവശതകൾ പരിഹരിച്ചുകൊള്ളാമെന്നും അതുകൊണ്ട് അഡ്ജൂഡിക്കേഷന്റെ ആവശ്യമില്ലെന്നും മറ്റും എന്നോട് പറഞ്ഞിട്ടുണ്ട് എന്നു ഞാനും സമ്മതിക്കാം. എന്നാൽ ഒരു തൊഴിൽശാലയിൽ സ്ട്രൈക്ക് നടത്തുകയെന്നുള്ളതു തൊഴിലാളികളുടെ പരമമായ അല്ലെങ്കിൽ സ്ഥായിയായ ഒരു ലക്ഷ്യമല്ല. ഒരു കാലത്തു തൊഴിലാളികൾ അനാഥരായിരുന്നപ്പോൾ കണ്ടുപിടിച്ച ഒരു വിദ്യയാണിതു്. എന്നാൽ ഇപ്പോൾ അവർ സ്ട്രൈക്ക് ചെയ്യുന്നതു് വേറെ ചില ഉദ്ദേശങ്ങളോടുകൂടിയാണ്.

ശ്രീ. കെ. കെ. കണ്ണൻ: യഥാർത്ഥത്തിലുള്ള അവശത പരിഹരിക്കുന്നതിനല്ല സ്ട്രൈക്ക നടത്തുന്നതെന്നും, വേറെ ചില ഉദ്ദേശത്തോടുകൂടിയാണ് നടത്തുന്നതെന്നും പറഞ്ഞല്ലൊ ആ 'വേറെ ഉദ്ദേശം' എന്താണെന്നു പറയാമോ?

ശ്രീ. പനമ്പിള്ളിഗോവിന്ദമേനോൻ: മെമ്പർ വിചാരിക്കുന്ന അർത്ഥത്തിലല്ല ഞാൻ പറഞ്ഞതു്. തൊഴിലാളികൾ അവരുടെ സകല ആവശ്യങ്ങളും നിവ്വഹിക്കാൻ സ്ട്രൈക്ക് മാരായുധമാക്കിയിരിക്കയാണ്. അവർ പറയുന്നതു് സ്ട്രൈക്ക് അവരുടെ അനിഷേധ്യമായ ഒരവകാശമാണെന്നാണ്. അങ്ങനെയിരിക്കെ ഈ ബിൽ ഇവിടെ കൊണ്ടുവന്നിരിക്കുന്നതു് തൊഴിലാളികളുടെ പ്രവർത്തനങ്ങളെ നിയന്ത്രിക്കാനും അവരുടെ ന്യായമായ അവകാശങ്ങളെ ഹനിക്കാതിരിക്കാനും തൊഴിലാളി–മുതലാളി ബന്ധത്തിനു് കേടുവരാതെ സൂക്ഷിക്കുന്നതിനും വേണ്ടിയാണ്. അതുകൊണ്ട് സ്റ്റാൻറിംഗ് ആർഡർ മ. ര സസ്പെൻഡചെയ്യ താഴെ പറയുന്ന മെമ്പറന്മാർ അടങ്ങിയ ഒരു സെലക്ട് കമ്മറ്റിക്കു് ഈ ബിൽ അയയ്ക്കണമെന്നു് ഞാൻ അഭിപ്രായപ്പെട്ടുകൊള്ളുന്നു.

ശ്രീ. എ. കെ. പാച്ചുപിള്ള.
,, പൊന്നറ ജി. ശ്രീധർ
,, ഡി. ജ്ഞാനശീലാമണി
,, വി. ഗംഗാധരൻനായർ
,, കെ. കരുണാകരൻ.
,, വാസുപണിക്കർ
,, കൊച്ചുകുട്ടൻ
,, എൻ. ഡി. ജോസ്

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. പി. കെ. കൃഷ്ണൻകുട്ടിമേനോൻ
,, പി. കെ. ഡീവർ.

കമ്മിറ്റിയുടെ കോറം മൂന്നായിരിക്കുന്നതാണു്. ഏപ്രിൽ ഫ്രാം തീയതിക്കുമുമ്പു് ഇതിന്റെ റിപ്പോർട്ടു സമർപ്പിക്കേണ്ടതാണു് എന്നും ഞാൻ അഭിപ്രായപ്പെട്ടുകൊള്ളുന്നു.

ശ്രീ. കെ. കെ. കണ്ണൻ: സർ, ഈ ബില്ലിന്റെ പൊതുതത്വത്തെക്കുറിച്ചു് എനിക്കു ചിലതു പറയുവാനുണ്ടു്. ഈ ബില്ലിൽ തൊഴിലാളികൾക്കു ദോഷകരമായ പല ഭാഗങ്ങളുമുണ്ടെന്നു് പല ബഹുമാനപ്പെട്ട മെമ്പറന്മാരും ഇവിടെ ചൂണ്ടിക്കാണിക്കുകയുണ്ടായി. അതുകൊണ്ടു് ഞാൻ ആ വശത്തേയ്ക്കു് കടക്കണമെന്നു വിചാരിക്കുന്നില്ല. പല ബഹുമാനപ്പെട്ട മെമ്പറന്മാരും ചൂണ്ടിക്കാണിച്ചതുപോലെ ഈ ബില്ലിലുള്ള ദോഷവശങ്ങൾ എടുത്തുകളയും, തൊഴിലാളികൾക്കു കൂടുതൽ പ്രയോജനമുണ്ടാകത്തക്കവണ്ണം ഇതിലെ വ്യവസ്ഥകൾ ഭേദഗതി ചെയ്യുകയും ചെയ്യുന്നതിനു് ഈ ബിൽ ഒരു സെലക്ട് കമ്മിറ്റിക്കു് അയയ്ക്കണമെന്നതന്നെയാണു എന്റെയും അഭിപ്രായം. ആ അഭിപ്രായത്തെ ബഹുമാനപ്പെട്ട ലേബർ മന്ത്രി സ്വാഗതം ചെയ്യുമെന്നു ഞാൻ വിശ്വസിക്കുന്നു. എന്നാൽ എനിക്കു വേറൊരു സംശയം അദ്ദേഹത്തിന്റെ ശ്രദ്ധയിൽ കൊണ്ടുവരുവാനുണ്ടു്.

ഇന്നു തൊഴിൽ കുഴപ്പങ്ങളെ പരിഹരിക്കുന്നതിനുവേണ്ടി പല ഉപാധികളും ശാസ്ത്രങ്ങൾ സ്വീകരിച്ചുവരുന്നുണ്ടു്. പല വ്യവസ്ഥകളും ഈ ബില്ലിൽ അതിനുവേണ്ടി ഉൾപ്പെട്ടുത്തിയിട്ടുണ്ടു്. അതിൽ ഏറ്റവും പ്രധാനപ്പെട്ടതാണു് വർക്കു്സ് കമ്മിറ്റി വേണമെന്നുള്ള വ്യവസ്ഥ. ഈ വ്യവസ്ഥയെപ്പറ്റി എന്റെ മാന്യസ്നേഹിതൻ ശ്രീ. എ. കെ. പാപ്പൂപിള്ള അവർകളും പറയുകയുണ്ടായി. വർക്കു്സ് കമ്മിറ്റിയിൽതൊഴിലാളികൾക്കും വ്യവസായപ്രതിനിധികൾക്കും തുല്യപ്രാതിനിധ്യം മാത്രം കൊടുത്താൽ പോരെന്നും തൊഴിലാളികൾക്കു് കുറെ കൂടുതൽ പ്രാതിനിധ്യം കൊടുക്കണമെന്നും അദ്ദേഹം പറയുകയുണ്ടായി. ഞാൻ അതിനോടു അനുകൂലിക്കുന്നുവെങ്കിലും അതിൽ വേറൊരു ഭേദഗതികൂടി ചെയ്താൽ നന്നായിരിക്കുമെന്നാണു് എന്റെ അഭിപ്രായം. അതായതു് ഇന്നു ഏതൊരു തൊഴിലാളി പ്രസ്ഥാനത്തിനും ഈ രാജ്യത്തു ശരിയായി മുമ്പോട്ടുപോകുവാൻ സാധിക്കണമെങ്കിൽ, വിജയപ്രദമായി മുമ്പോട്ടുപോകാൻ സാധിക്കണമെങ്കിൽ, അതിനു് ബുദ്ധിപരമായ നേതൃത്വം തികച്ചും അത്യാവശ്യമാണെന്നു കാണുവാൻ കഴിയും. എന്നാൽ ഇവിടെ ഉണ്ടാക്കുവാൻ പോകുന്ന വർക്കു്സ് കമ്മിറ്റിയിൽ തൊഴിലാളിപ്രതിനിധികൾ തൊഴിലാളികൾ മാത്രമേ ആയിരിക്കുവാൻ പാടുള്ളുവെന്നു നിർദ്ദേശിച്ചുകാണുന്നു. ഇതു് പ്രഥമദൃഷ്ടിയിൽ വളരെ സ്വാഭാവികമായി തോന്നാവുന്ന ഒന്നാണെങ്കിലും ഒരു വലിയ ദോഷം അതുകൊണ്ടുണ്ടാകുമെന്നു വ്യക്തമാണു്. അതായതു് തൊഴിലാളി പ്രസ്ഥാനം മുമ്പോട്ടു പോകണമെങ്കിൽ, അതു വിജയകരമായി പ്രവർത്തിക്കണമെങ്കിൽ അതിനു ബുദ്ധിപരമായ നേതൃത്വം ആവശ്യമാണെന്നു നാം സമ്മതിക്കുന്നപക്ഷം തൊഴിലാളികളുടെ യഥാർത്ഥ പ്രശ്നങ്ങൾക്കുവേണ്ടി ശരിയായി വാദിക്കുവാൻ സന്നദ്ധതയും, ആത്മാർത്ഥതയും ഉള്ള ആളുകളെ പുറത്തുനിന്നും കൂടി ട്രേഡ് യൂണിയൻ നിബന്ധനയനുസരിച്ചു് എടുക്കാതെ തരമില്ല. ഈ വ്യവസ്ഥകൂടി ഈ ബില്ലിൽ ചേർക്കണമെന്നു ഞാൻ ചൂണ്ടിക്കാണിച്ചുകൊള്ളുന്നു. ഇന്നു യഥാർത്ഥത്തിൽ യാതൊരു സ്ഥലത്തും വർക്കു്കമ്മിറ്റികൾ കാര്യക്ഷമമായി പ്രവർത്തനം നടത്തുന്നില്ലെന്നു വ്യക്തമായി മനസ്സിലാക്കുവാൻ സാധിച്ചിട്ടുള്ളതുകൊണ്ടാണു് ഞാൻ ഇതു ഉന്നിപ്പറയുന്നതു്. തൊഴിലാളികൾക്കു് ഇവിടത്തെ വ്യവസായപ്രമുഖന്മാരോടു ഏറ്റവുമടുത്തു യുക്തിപരമായ വിധത്തിൽ ന്യായങ്ങൾ പറഞ്ഞു അവരുടെ അവകാശം സംരക്ഷിക്കുവാനുള്ള കഴിവു് ഇന്നില്ല. അതുകൊണ്ടു് ഇന്നു പലവിധത്തിലുള്ള തൊന്ന്യാസങ്ങളും മുതലാളിമാരുടെ ഭാഗത്തുനിന്നും തുടച്ചയായി ഉണ്ടായിക്കൊണ്ടിരിക്കുന്നുണ്ടു്. തൊഴിലാളികൾക്കു് നേരിട്ടുകൊണ്ടിരിക്കുന്ന ഈ മാതിരി വൈഷമ്യങ്ങളെ തരണം ചെയ്തു അവരുടെ അവകാശങ്ങളെ സംരക്ഷിക്കുന്നതിനുവേണ്ടി തൊഴിലാളികളെ യഥാർത്ഥത്തിൽ പ്രതിനിധീകരിക്കുന്ന ആളുകളെ അവർക്കുവേണ്ടി വാദിക്കുവാൻ അനുവദിക്കേണ്ടതാണു്. അതിനുവേണ്ടി വർക്കു്കമ്മിറ്റിയിൽ സമരംനടത്തുവാൻ ആത്മാർത്ഥതയുള്ള വ്യക്തികളെ വർക്കു്കമ്മിറ്റിയിൽ പ്രതിനിധീകരിക്കുവാൻ സമ്മതിക്കേണ്ടതാണു്. യഥാർത്ഥ തൊഴിലാളിപ്രതിനിധികളെ ഇന്നു തൊഴിലാളികളുടെഇടയിൽ നിന്നു വളരെ അധികം എടുക്കുവാൻ സാധ്യമല്ലാത്ത സ്ഥിതിക്കു് പുറത്തുനിന്നു അങ്ങിനെയുള്ള ആളുകളെ എടുക്കുന്നതിനുള്ള സാഹചര്യം ശാസ്ത്രങ്ങൾ സൃഷ്ടിക്കേണ്ടതാണു്. ഇന്നു ലോകത്തിലുള്ള പരിഷ്കൃതശാസ്ത്രങ്ങളെല്ലാംതന്നെ ഈ തത്വം അംഗീകരിച്ചിട്ടുള്ളതാണു്. ഇന്നു തൊഴിലാളികൾ ഇതാണു് ആവശ്യപ്പെട്ടുന്നതു്.



LIBRARY ARCHIVES Kerala Legislative Assembly

മി. സ്പീക്കർ: ആ ഒരു പായിൻറിനെപ്പററി പറഞ്ഞുകഴിഞ്ഞ സ്ഥിതിക്കു് ഇനി അതേപ്പററി ആവർത്തിക്കേണ്ട ആവശ്യമില്ല.

ശ്രീ. കെ. കെ. കണ്ണൻ: അതുകൊണ്ടു തൊഴിലാളികളുടെ ഈ അവകാശം നിഷേധിച്ചാൽ അതു തിച്ചയായും വലിയ ഒരു അപരാധമായിരിക്കും എന്നു ചൂണ്ടിക്കാണിക്കുവാൻ ഞാൻ ആഗ്രഹിക്കുന്നു. ഇത്രമാത്രമാണു് എനിക്കവർക്കു കമ്മിററിയെപ്പററി സംസാരിക്കുവാനുള്ളതു്.

ഇനി മറെറാരു സംഗതി ചൂണ്ടിക്കാണിക്കുവാനുള്ളതു ഗവമെൺറു് ഒരു പാർട്ടി എന്ന നിലയിൽ ഏതെങ്കിലും ഒരു അഡ്ജൂഡിക്കേഷൻ സംഗതിയിൽ വന്നാൽ ആ അഡ്ജൂഡിക്കേഷനേറമേൽ അവസാന ഉത്തരവു് പാസ്സാക്കുന്നതിൽ ഗവമെൺറിനു അഭിപ്രായവ്യത്യാസമുണ്ടായാൽ അക്കാര്യം ലജിസ്ലേച്ചറിൻെറ അഭിപ്രായത്തിനു വിട്ടുകൊടുക്കണമെന്നുള്ള ഒരു വ്യവസ്ഥ ഈ ബില്ലിൽ ഉൾപ്പെടുത്തിയിട്ടുള്ളതിനെ കുറിച്ചാണു്. അതായതു്, ഒരു അവാർഡു് ഗവമെൺറിനു് സ്വീകരിക്കാൻ നിവൃത്തിയില്ലാതെവന്നാൽ അതു നിയമസഭയുടെ മുമ്പാകെ കൊണ്ടുവന്നു് അതിൻെറ അഭിപ്രായം അറിഞ്ഞതിനുശേഷമേ ആ അവാർഡിൻെറമേൽ അവസാനതീരുമാനം എടുക്കാവൂ എന്നു് ഇവിടെ വ്യവസ്ഥ ചെയ്തുകാണുന്നു. ഇതു ഏറെറവും ദോഷകരമായ ഒരു വ്യവസ്ഥയാണെന്നു പറയാതിരിക്കാൻ നിവൃത്തിയില്ല. ഒരു പണിമുടക്കുണ്ടായാൽ തൊഴിലാളികൾ വിഷമിക്കുമെന്നുള്ളതു തീച്ചയാണു്. പണിമുടക്കു് എത്രത്തോളം നീട്ടിക്കൊണ്ടുപോകുന്നുവോ അത്രത്തോളം തൊഴിലാളികൾ വിഷമിക്കുകതന്നെ ചെയ്യും. ഇപ്രകാരം ഏറെറവും ക്ലേശിച്ചുകൊണ്ടു് നിത്യപട്ടിണിക്കാരായ തൊഴിലാളികൾ അവരുടെ സ്വവിധത്തിലുള്ള കഴിവുകളും വിനിയോഗിച്ചു് ഒരു അവാർഡു് ഉണ്ടാക്കിയതിൻെറ ശേഷം ആ വിധിയുടെ മേൽ ഒരു അവസാന ഉത്തരവു് പാസാക്കുന്നതിനു ഗവമെൺറു സന്നദ്ധത കാണിക്കാതിരുന്നാൽ നിയമസഭയുടെ അഭിപ്രായത്തിനു വിട്ടുകൊടുക്കാമെന്നു പറയുന്നുണ്ടെങ്കിലും അതു അഡ്ജൂഡിക്കേഷൻെറ താല്പര്യത്തെ പരാജയപ്പെടുത്തുകയായിരിക്കും ചെയ്യുന്നതെന്നുള്ളതിനു സംശയമില്ല. അതുകൊണ്ടു് ആ ഭാഗം നീക്കം ചെയ്യണമെന്നാണു് എൻെറ അഭിപ്രായം; ലേബറിനെ സംബന്ധിച്ചു് ഇവിടെ പ്രസ്താവിച്ചിട്ടുള്ള സംഗതികളോടു് ഞാനും ഏറക്കുറെ യോജിക്കുന്നു. അതുകൊണ്ടു് ഈ ബില്ലിലെ ദോഷവശങ്ങൾ നീക്കംചെയ്തു് ഒരു നിയമമാക്കി കൊണ്ടുവരുന്നതിനു ഗവമെൺറു് ആത്മാർത്ഥമായി ശ്രമിക്കണമെന്നു് അപേക്ഷിക്കയും ഈ ബിൽ സെലക്ടു് കമ്മിററിക്കു് അയയ്ക്കണമെന്നു് അപേക്ഷിക്കയും ചെയ്തുകൊള്ളുന്നു.

*The question that the Travancore Cochin Industrial Disputes Bill be referred to the Select Committee consisting of the members mentioned above was put and carried.*

*The bill was referred to the Select Committee.*

## The Agricultural Income-tax Bill—Extension of time for submission of the Select Committee Report

**Sri. A. J. John:** I request that the time fixed for the submission of the Report of the Select Committee on the Agricultural Income-tax Bill be extended up to 11th Aprill 1950.

*The motion was adopted*

## Announcement regarding the extension of the sitting of the Assembly

**Mr. Speaker:** Before we proceed to the discussion under rule 26, I have to make an announcement. A request has been made by the Hon'ble the Chief Minister that the Assembly Session may be extended to the 11th and 12th April. Under the present programme the Session is normally to end by today. I do not think that the House has any objection to the proposal. The Session is extended to Tuesday, the 11th and Wednesday, the 12th April.

## Discussion under Rule 26 re. the reconstruction of the Valiathurai pier

**Sri. L. M. Pylee:** My reason for bringing this matter regarding the reconstruction of the Valiathurai pier is because of the reply given by the Hon'ble Minister the other day to a short notice question put by me on this subject. Sir, the importance of this minor port and the urgent necessity to reconstruct the damaged pier are not sufficiently understood. Valiathurai is a minor port which was in a flourishing condition before the pier was damaged

LIBRARY ARCHIVES Kerala Legislative Assembly